# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി.5/667/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 21/06/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി.5/667/22 തീയ്യതി: 21/06/2022

## കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2019 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു.പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 11-04-2022 | 28-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-04-2022 | 28-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.രമണി കിഴക്കീൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി.റീന പിട്ടൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സബിത കെ, ഓഡിറ്റർ
ശ്രീമതി.രമ്യ ടി, ഓഡിറ്റർ
ശ്രീ.ശ്രീനാഥ് വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സോമൻ എ | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| ശ്രുതി പി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.മുഹമ്മദ് റഫീക്ക് പി | സെക്രട്ടറി | 01-04-2020 | 31-05-2020 |
| ശ്രീ.സനിൽകുമാർ.കെ.വി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2020 | 20-07-2020 |
| ശ്രീ.ഉണ്ണികൃഷ്ണൻ.ടി.വി. | സെക്രട്ടറി | 21-07-2020 | 03-02-2021 |
| ശ്രീ.സനിൽകുമാർ.കെ.വി. | സെക്രട്ടറി | 04-02-2021 | 15-02-2021 |
| ശ്രീ.ഉണ്ണികൃഷ്ണൻ.ടി.വി. | സെക്രട്ടറി | 16-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റമീസ ഇ എം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ ഹഫ്സീസ മുഹമ്മദ് | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.ജീജ സി | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| രാജശ്രീ സി ടി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| നിഷാ രാജൻ ഒ ആർ | വി.ഇ.ഒ കാട്ടാമ്പള്ളി സർക്കിൾ | 01-04-2020 | 31-03-2021 |
| സീമ ഡി | വി.ഇ.ഒ ചിറക്കൽ സർക്കിൾ | 01-04-2020 | 31-03-2021 |
| ഗംഗാഭായ് എൻ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-05-2020 |
| അബ്ദുൾ ജബാർ പി | ഹെഡ് മാസ്റ്റർ | 01-06-2020 | 31-03-2021 |
| വിജീഷ് പി | അസ്സിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| രാജേഷ് ടി ആർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| അമ്പിളി എൻ എസ് | ക്ഷീര വികസന ഓഫീസർ | 01-04-2020 | 07-06-2020 |
| ടിങ്കിൾ മാത്യൂ | ക്ഷീര വികസന ഓഫീസർ | 08-06-2020 | 26-01-2021 |
| ദിവ്യ വൽസൻ | ക്ഷീര വികസന ഓഫീസർ | 27-01-2021 | 31-03-2021 |

| | | | |
|---|---|---|---|
| അരവിന്ദ്.ഇ.എൻ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 18-10-2020 |
| നവ്യ വേണുഗോപാൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 19-10-2020 | 31-03-2021 |
| ഡോ.സ്മിത.എസ്.പിള്ള | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| വിജീഷ്.പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

1-11-2020 മുതൽ 29-12-2020 വരെ കൃഷി ഓഫീസർ, അസി എഞ്ചീനിയർ ,സെക്രട്ടറി എന്നിവരടങ്ങിയ ഭരണ നിർവ്വഹണ കമ്മിറ്റിയാണ് ഭരണസമിതിയുടെ ചുമതല വഹിച്ചിരുന്നത്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Remani Kizhakkeel (Audit Officer, On 04-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Remani Kizhakkeel (Audit Officer, On 04-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Remani Kizhakkeel (Audit Officer, On 15-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-2(1) |
| 4 | സാമ്പത്തിക വിശകലനം<br>Written By: Remani Kizhakkeel (Audit Officer, On 04-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 04-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 04-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Remani Kizhakkeel (Audit Officer, On 05-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 07-05-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Remani Kizhakkeel (Audit Officer, On 05-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | 1-7 |
| 9 | മരണശേഷവും പെൻഷൻ തുക അനുവദിച്ചു<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 17-06-2022) | 1-7(1) |
| 10 | ക്യാഷ് ബാലൻസ്<br>Written By: Remani Kizhakkeel (Audit Officer, On 05-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Remani Kizhakkeel (Audit Officer, On 05-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-9 |
| 12 | എഫ്.ടി.ഇ & ഒ.എസ്. ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 1-10 |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്താത്തത്<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 17-06-2022) | 1-11 |
| 14 | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ ₹1287യുടെ കുറവ്<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 1-12 |
| 15 | 60 ച.മീ. യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കി<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 1-13 |
| 16 | കെട്ടിട നികുതി നിർണ്ണയത്തിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 17-06-2022) | 1-14 |

| | | |
|---|---|---|
| 17 | മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിൽ കുറവ് - 10700 രൂപയുടെ നഷ്ടം<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 1-15 |
| 18 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടകയിനത്തിൽ കുടിശ്ശിക<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | 1-16 |
| 19 | ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയതിൽ ₹250 കുറവ്<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 1-17 |
| 20 | ഇ-ടെണ്ടർ ഫീ-പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 02-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | 1-18 |
| 21 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | 1-19 |
| 22 | തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ പഠിതാക്കളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല. ₹10000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Remani Kizhakkeel (Audit Officer, On 05-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | 1-20 |
| 23 | IEC ബോർഡ് സ്ഥാപിക്കൽ - ₹299750 തടസ്സപ്പെടുത്തുന്നു<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | 1-21 |
| 24 | സ്വയം തൊഴിൽ-ടെയിലറിംഗ് എസ്.സി വനിതകൾക്ക് - ₹150000 തടസ്സപ്പെടുത്തുന്നു<br>Written By: Remya T (Auditor, On 03-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | 1-22 |
| 25 | ചിറക്കൽ പി.എച്ച്.സി. ക്ക് മരുന്ന് വാങ്ങൽ - ₹14362 തടസ്സപ്പെടുത്തുന്നു<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 1-23 |
| 26 | സമഗ്ര കൊതുക് നിയന്ത്രണം - ₹22760 തടസ്സപ്പെടുത്തുന്നു<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | 1-24 |
| 27 | അടങ്കൽ തുകയേക്കാൾ അധികം തുക ചെലവഴിച്ചു<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | 1-25 |
| 28 | ഭൂമി പൂർണ്ണമായും വിട്ടു കിട്ടാതെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Reena Pittan (Asst. Audit Officer, On 02-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 1-26 |
| 29 | കുന്നംകൈ വ്യവസായ എസ്റ്റേറ്റ് കെട്ടിട നിർമ്മാണം - പദ്ധതി പ്രാവർത്തികമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Reena Pittan (Asst. Audit Officer, On 02-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 1-27 |
| 30 | ഒഴിഞ്ഞ ടാർ വീപ്പയുടെ വില ബന്ധപ്പെട്ട ഫണ്ടിലേക്ക് ഒടുക്കു വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 02-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | 1-28 |
| 31 | ടാങ്കറുകളിൽ കുടിവെള്ള വിതരണം - അധികം നൽകിയ 82625/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.<br>Written By: Sabitha.K (Auditor, On 04-05-2022) | 1-29 |

| | | |
|---|---|---|
| | Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | |
| 32 | ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല ₹3,08,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Remani Kizhakkeel (Audit Officer, On 05-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 1-30 |
| 33 | തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ -ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല- 9216 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Remani Kizhakkeel (Audit Officer, On 05-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | 1-31 |
| 34 | മാലിന്യ സംസ്കരണ പ്ലാന്റിന് സ്ഥലം വാങ്ങൽ - അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Sabitha.K (Auditor, On 04-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 1-32 |
| 35 | സംയുക്ത പരിശോധനാ റിപ്പോർട്ട് ഇല്ല. ഇലക്ട്രിസിറ്റി ചാർജ്ജ് അടവാക്കുന്നതിന്റെ ആധികാരികത പരിശോധിക്കാനായില്ല.<br>Written By: Sabitha.K (Auditor, On 04-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | 1-33 |
| 36 | വിതരണ രേഖകൾ ഹാജരാക്കിയില്ല -₹180000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sabitha.K (Auditor, On 04-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | 1-34 |
| 37 | ചെലവ് രേഖകൾ ഹാജരാക്കിയില്ല -4498150/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sabitha.K (Auditor, On 04-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 1-35 |
| 38 | എൽ..ഇ.ഡി. ലാമ്പ് വാങ്ങൽ -ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല -ചെലവ് തുക ₹830000 തടസ്സപ്പെടുത്തുന്നു<br>Written By: Sabitha.K (Auditor, On 04-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 1-36 |
| 39 | പൊതു ടാപ്പുകളുടെ വെള്ളക്കരം അടക്കൽ -കുടിശ്ശിക വരുത്തിയത്<br>Written By: Sabitha.K (Auditor, On 04-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | 1-37 |
| 40 | ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം -അപാകതകൾ<br>Written By: Remya T (Auditor, On 01-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | 1-38 |
| 41 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.<br>Written By: Sabitha.K (Auditor, On 04-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 1-39 |
| 42 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Sabitha.K (Auditor, On 04-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | 1-40 |
| 43 | ഹോമിയോ ഡിസ്പെൻസറിക്ക് പുതിയ കെട്ടിട നിർമ്മാണം - രേഖകൾ ഹാജരാക്കിയില്ല.<br>Written By: Reena Pittan (Asst. Audit Officer, On 02-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | 1-41 |
| 44 | പി എച്ച് സി ലബോറട്ടറിക്ക് റീ ഏജന്റ് വാങ്ങൽ – ചെലവ് രേഖകൾ ഹാജരാക്കിയില്ല - ₹51,747യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 1-42 |
| 45 | വിതരണ രേഖകൾ ഹാജരാക്കിയില്ല -38460/-രൂപയുടെ ചെലവ് | 1-43 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു.<br>Written By: Sabitha.K (Auditor, On 04-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | |
| 46 | ന്യൂട്രിമിക്സ് സാമ്പിളുകൾ ഗുണനിലവാരം പരിശോധിച്ചതിന്റെ രേഖകളില്ല.<br>Written By: Sabitha.K (Auditor, On 04-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | 1-44 |
| 47 | സാന്ത്വന പരിചരണ പരിപാടി - ₹178069 തടസ്സപ്പെടുത്തുന്നു<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 1-45 |
| | ഭാഗം **2** | |
| 1 | എഫ്.ടി.ഇ & ഒ.എസ്. ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 06-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 2-1 |
| 2 | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ ₹1287യുടെ കുറവ്<br>Written By: SREENATH V (Auditor, On 06-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 2-2 |
| 3 | മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിൽ കുറവ്-10700 രൂപയുടെ നഷ്ടം<br>Written By: SREENATH V (Auditor, On 06-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 2-3 |
| 4 | ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയതിൽ ₹250 കുറവ്<br>Written By: SREENATH V (Auditor, On 06-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 2-4 |
| | ഭാഗം **3** | |
| 1 | ടാങ്കറുകളിൽ കുടിവെള്ള വിതരണം - അധികം നൽകിയ 82625/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.<br>Written By: SREENATH V (Auditor, On 06-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Remani Kizhakkeel (Audit Officer, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Remani Kizhakkeel (Audit Officer, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Remani Kizhakkeel (Audit Officer, On 29-04-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 06-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |

| | | |
|---|---|---|
| | Written By: Remani Kizhakkeel (Audit Officer, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 16-06-2022) | |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 29-04-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 29-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Remani Kizhakkeel (Audit Officer, On 29-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 21-06-2022) | 4-11 |

അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | Receipt & Payment Statement |
| 4 | INCOME & EXPENDITURE STATEMENT |
| 5 | BALANCE SHEET |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് 18-03-2020 തീയതിയിലെ 33/20 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു. പുതുക്കിയ ബജറ്റ് 19-2-2021 തീയ്യതിയിലെ 44/2021 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| ബജറ്റ് | | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 18953361 | 18953361 |
| വരവ് | 244395200 | 238144118 |
| ആകെ | 263348561 | 257097479 |
| ചെലവ് | 244278395 | 248729911 |
| നീക്കിയിരിപ്പ് | 19070166 | 8367568 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 04.08.2021 | തിരിച്ചയച്ചിട്ടില്ല |

## 1-2(1) വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്കിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബാലൻസ് ഷീറ്റിലെ B-7 ഷെഡ്യൂളിന്റെ കൃത്യത പരിശോധിക്കുവാനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിന്റെ കൃത്യത പരിശോധിക്കുവാനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതി ഇനങ്ങളിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ നിരീക്ഷിക്കുവാനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. സംയുക്ത പ്രോജക്ടുകൾക്കായി എസി ആർ സൂക്ഷിച്ചിട്ടില്ല.

5. സ്റ്റെയിൽ ചെക്കിന്റെ വിശദ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6. RP-5 പ്രകാരമുള്ള തനത് വരുമാനത്തിന്റെ ആധികാരികത പരിശോധിക്കുവാനാശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7. അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

8. റോഡ് കട്ടിംഗ് റസ്റ്ററേഷൻ ചാർജ്ജിനത്തിൽ 11,67,176/- രൂപ വരവുണ്ട്. രജിസ്റ്റർ, ഫയൽ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

9. അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിനൊപ്പം ഉൾപെടുത്തിയിട്ടില്ല.

10. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

11. വസ്തു നികുതി സഞ്ചയ ഡി സി ബി സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

12. തൊഴിൽ നികുതി -ടെയിഡ്രേഴ്സ് വർഷാന്ത്യ സംഗ്രഹം ഹാജരാക്കിയിട്ടില്ല.

13. ബിൽഡിംഗ് പെർമിറ്റ് ഫീസ് വർഷാന്ത്യ സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

14. വാർഷിക കണക്കിലെ തുകകൾ റൗണ്ട് ചെയ്തിട്ടില്ല.

15. ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി 1-6ലെ തുകയും 1-14(a) യിലെ തുകയും പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 53822174.79 |
| വരവ് | 113360645 |
| ആകെ | 167182819.79 |

| | |
|---|---|
| ചെലവ് | 111326131 |
| നീക്കിയിരിപ്പ് | 55856688.79 |
| വരവ് നഷ്ടം | 26937 |
| ചെലവ് നഷ്ടം | 82625 |
| തടസ്സപ്പെടുത്തിയ തുക | 6590514 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 21109353 | 21109353 | 17405275 | 3704078 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 6513000 | 6513000 | 6513000 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 13338000 | 13338000 | 11018347 | 2319653 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5674023 | 5674023 | 4844431 | 829592 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ബേസിക് | 0 | 18366660 | 18366660 | 13132249 | 5234411 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് | 0 | 7580000 | 7580000 | 5331867 | 2248133 |
| ശുചിത്വ മിഷൻ | 479892 | 0 | 479892 | 0 | 479892 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ്. സെൻട്രൽ ഷെയർ | 1312410 | 3005110 | 4317520 | 3311663 | 1005857 |
| ടോട്ടൽ സാനിറ്റേഷൻ | 116609 | 4021167 | 4137776 | 0 | 4137776 |
| എൻ ആർ ഇ ജി എസ് | 2025 | 8145451 | 8147476 | 8146475.14 | 1000.86 |
| പൈക്ക | 16677 | 458 | 17135 | 0 | 17135 |
| എം പി ഫണ്ട് | 6207 | 155 | 6362 | 0 | 6362 |
| എസ് എസ് എ ഫണ്ട് | 62000 | 0 | 62000 | 0 | 62000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ശുചിത്വം | 267005 | 0 | 267005 | 0 | 267005 |

| | | | | | |
|---|---|---|---|---|---|
| ആയുർവ്വേദം | 11539 | 0 | 11539 | 0 | 11539 |
| സാക്ഷരത | 13981 | 559 | 14540 | 0 | 14540 |
| മറ്റു ഗ്രാന്റുകൾ | 15080 | 0 | 15080 | 0 | 15080 |
| മറ്റു ഗ്രാന്റുകൾ | 156285 | 0 | 156285 | 0 | 156285 |
| മറ്റു ഗ്രാന്റുകൾ | 294789 | 0 | 294789 | 0 | 294789 |
| ബി എസ് യു പി | 100 | 0 | 100 | 0 | 100 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 274 | 157362942 | 194 | 91223120 | 61 | 133 | 80 | 68.5 |

.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 15 | 15 | 4046907 | 3355856 | 82.92 |
| 2 | വെറ്റിനറി സർജ്ജൻ | 5 | 4 | 710000 | 660000 | 92.96 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 10 | 8 | 3922531 | 2841761 | 72.44 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 3 | 3 | 1300000 | 1300000 | 100 |
| 5 | വി.ഇ.ഒ | 27 | 23 | 31099790 | 14190593 | 45.62 |
| 6 | ഐ സി ഡി എസ് സൂപ്പർവൈസർ | 8 | 6 | 9944000 | 6975956 | 70.15 |
| 7 | അസി. സെക്രട്ടറി | 13 | 10 | 3963119 | 2443010 | 61.64 |
| 8 | ഹെഡ് മാസ്റ്റർ | 8 | 4 | 3098695 | 2536740 | 81.86 |
| 9 | സെക്രട്ടറി | 34 | 22 | 30864961 | 18413366 | 59.66 |
| 10 | അസി. എഞ്ചിനീയർ | 147 | 96 | 67605939 | 38101821 | 56.36 |
| 11 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 2 | 507000 | 165364 | 32.61 |

| | | | | | | |
|---|---|---|---|---|---|---|
| 12 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 300000 | 238653 | 79.55 |
| | ആകെ | 274 | 194 | 157362942 | 91223120 | 57.96 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2025 | 706040 | 708065 | 707064.14 | 1000.86 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് -സാധനഘടകം ഉൾപ്പെടെ | 0 | 7439411 | 7439411 | 7439411 | 0 |
| ആകെ | 2025 | 8145451 | 8147476 | 8146475.14 | 1000.86 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1440 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 1680700 | 107 |
| വിധവാപെൻഷൻ | 23502800 | 1597 |
| വാർദ്ധക്യകാലപെൻഷൻ | 61763600 | 4326 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 6543200 | 430 |
| അമ്പത് വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 5546100 | 388 |
| വിവാഹ ധനസഹായം | 780000 | 26 |

## 1-7(1) മരണശേഷവും പെൻഷൻ തുക അനുവദിച്ചു

ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തികവർഷ കാലത്ത് ഈ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന മരണ രജിസ്റ്ററും സേവന വെബ് സൈറ്റും ഒത്തു നോക്കി പരിശോധിച്ചപ്പോൾ ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക അനുവദിച്ചിട്ടുണ്ടെന്ന് കാണാൻ സാധിച്ചു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | റിമാർക്സ് | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | നാരായണി കെ | 111310200392 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 25/12/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2021 ജനുവരി മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗ | 600 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ണ്ടിൽ നിക്ഷേപി ച്ചിട്ടുണ്ട്. | |
| 2 | ജാനകി പി വി | 111310201560 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18/04/2020 | പെൻ ഷൻ സ്റ്റാറ്റസ് സസ്പെൻ ഡഡ് ആണ്. 2020 സെപ്തംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗ ണ്ടിൽ നിക്ഷേപി ച്ചിട്ടുണ്ട്. | 7500 |
| 3 | സതി എം | 111310201009 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 01/06/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻ ഡഡ് ആണ്. 2020 സെപ്തംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗ ണ്ടിൽ നിക്ഷേപി ച്ചിട്ടുണ്ട്. | 4500 |
| 4 | കമല ടി കെ | 111310200877 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 28/07/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻ ഡഡ് ആണ്. 2020 സെപ്തംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗ ണ്ടിൽ | 3000 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | നിക്ഷേപിച്ചിട്ടുണ്ട്. | |
| 5 | അബ്ദുൾ റഹ്മാൻ സി | 111310203364 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 31/07/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 സെപ്തംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 2700 |
| 6 | അബ്ദുള്ള പി | 111310204680 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24/08/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 സെപ്തംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 1400 |
| 7 | എ സാവിത്രി | 111310203664 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ | 25/08/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 സെപ്തംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 600 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-31 തീയതി 28.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും തൻവർഷം മരണപ്പെട്ട മുഴുവൻ ഗുണഭോക്താക്കളുടെയും മരണശേഷം അനുവദിച്ച പെൻഷൻ തുക ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതുമാണ്. തുകകൾ തിരിച്ചടവാക്കുന്ന മുറയ്ക്ക് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.04.2022ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 819 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റ് വർഷം ആകെ 3 മാസങ്ങളിലായി 4 തവണ മാത്രമാണ് സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർത്തിട്ടുള്ളത്. നികുതി പിരിവ്, മറ്റ് തനത് വരുമാന മാർഗ്ഗങ്ങൾ, തൊഴിലുറപ്പ് പദ്ധതി, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർത്ത് ഓഫീസ് പ്രവർത്തനം വിലയിരുത്തേണ്ടതാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഫയലുകൾ തീർപ്പാക്കുന്നതിലായാലും സേവനങ്ങൾ നല്കുന്നതിലായാലും കാര്യമായ വീഴ്ച്ചകൾ വരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതി നിർദ്ദേശങ്ങൾ നല്കുന്നതിൽ കവിഞ്ഞുള്ള ചർച്ചകൾ ഒന്നും തന്നെ നടന്നതായി ഓഡിറ്റ് വർഷത്തെ മിനുട്സുകളിൽ രേഖപ്പെടുത്തിയിട്ടില്ല. പല മിനുട്സുകളിലും തീരുമാനങ്ങൾ രേഖപ്പെടുത്താത്തതും ക്ലോസ് ചെയ്യാത്തതും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം മോണിറ്ററിംഗ് നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും അത്തരത്തിൽ പ്രവർത്തിച്ചു കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 എഫ്.ടി.ഇ & ഒ.എസ്. ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ അപാകതകൾ

ചിറക്കൽ ഗ്രാമ പഞ്ചായത്തിലെ ഉൽപ്പാദന മേഖലയിലെയും സേവന മേഖലയിലെയും സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളായി തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കി വരുന്നത്. ഇത് പ്രകാരം സേവന മേഖലയിലെ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് നിശ്ചയിച്ചിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

| മൂലധന ചെലവ് | ലൈസൻസ് ഫീസ് |
|---|---|
| ഒരു ലക്ഷം വരെ | 100 |
| 1 ലക്ഷം മുതൽ 2 ലക്ഷം വരെ | 200 |
| 2 ലക്ഷം മുതൽ 3 ലക്ഷം വരെ | 300 |
| 3 ലക്ഷം മുതൽ 10 ലക്ഷം വരെ | 500 |
| 10 ലക്ഷം മുതൽ 25 ലക്ഷം വരെ | 1000 |
| 25 ലക്ഷത്തിന് മുകളിൽ | 5000 |

2020-21 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ, വിവിധ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കിയ ലൈസൻസ് ഫീസ് കുറവാണെന്ന് കാണാൻ സാധിച്ചു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11 തീയതി 26.04.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും മുഴുവൻ സ്ഥാപനങ്ങളുടെയും കുറവ് വന്ന ഫീസ് ഈടാക്കിയിട്ടില്ല. മറുപടി പരിശോധിച്ച ശേഷം ലൈസൻസ് ഫീസ് ഇനത്തിൽ കുറവ് തുക ഈടാക്കിയ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | കെട്ടിട നമ്പർ | സംരംഭം | മൂലധന നിക്ഷേപം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ടിയിരുന്ന ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| 72 | കുളിക്കളകത്ത് റഷീദ് | 17/333, 334 | താരാ ടെക്സ്റ്റൈൽസ് | 4 ലക്ഷം | 300 | 500 | 200 |

| | | | | | | | |
|---|---|---|---|---|---|---|---|
| 98 | അബ്ദുൾ നൂർ കെ പി | 17/768 A, B, C | കെ പി മോട്ടോർസ് | 12 ലക്ഷം | 500 | 1000 | 500 |
| 100 | അസ്സ കെ പി | 5/205 A | ഏഷ്യൻ പ്ലൈ വുഡ് | 30 ലക്ഷം | 1000 | 5000 | 4000 |
| 129 | ജോഷിൻ വി പി | 16/133, 136 | ബ്ലാക്ക് സ്റ്റീൻ വുഡ് കാർവിങ് | 12 ലക്ഷം | 500 | 1000 | 500 |
| 238 | ടി രവീന്ദ്രൻ | 5/140 | കെയാർ ടിമ്പേർസ് | 15 ലക്ഷം | 500 | 1000 | 500 |
| 387 | പള്ളിപ്പുറത്ത് പുന്നക്കൽ നജീബ് | 5/506 C | കെ വി കെ സോഡ | 12 ലക്ഷം | 500 | 1000 | 500 |
| 449 | സനാവർ കെ | 1/417, 418 | സൈൻ ടൈൽ സെന്റർ | 35 ലക്ഷം | 1000 | 5000 | 4000 |
| 624 | റഹീം കുരിക്കളകത്ത് | 17/143 | അസ്ബി എഞ്ചിനീയറിംഗ് വർക്സ് | 4 ലക്ഷം | 300 | 500 | 200 |
| 628 | വി കെ ബാലകൃഷ്ണൻ | 17/499 | ഗണേഷ് ഇൻഡസ്ട്രീസ് | 4 ലക്ഷം | 300 | 500 | 200 |
| 820 | നൗഫൽ വി | 5/122 | മർഹബ വുഡ് ഇൻഡസ്ട്രീസ് | 32 ലക്ഷം | 1000 | 5000 | 4000 |
| 932 | മിനി എം കെ | 12/50 | അനുഗ്രഹ് കറി പൗഡർ നിർമാണം | 6 ലക്ഷം | 400 | 500 | 100 |
| ആകെ | | | | | | | 14,700 |

മേൽ പട്ടികയിലെ സ്ഥാപനങ്ങളിൽ നിന്ന് കുറവ് വന്ന തുക (₹14,700) ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-11 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്താത്തത്

ചിറക്കൽ ഗ്രാമ പഞ്ചായത്തിലെ 2020-21 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുവരുത്തിയിട്ടില്ല.

| തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഒടുക്കാത്ത തൊഴിൽ നികുതി ഏതു പകുതിയിലേത് |
|---|---|---|
| 6 | പോസ്റ്റോഫീസ്, ചിറക്കൽ | രണ്ടാം പകുതി |
| 97 | പി വി എ ആയുർവേദിക് മൾട്ടി സ്പെഷ്യാലിറ്റി | രണ്ടാം പകുതി |
| 132 | കെ പി മോട്ടോർസ്, പുതിയതെരു | രണ്ടാം പകുതി |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16 തീയതി 27.04.2022) മറുപടിയായി ക്രമ നമ്പർ 6 ൽ പരാമർശിച്ച സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

കൂടാതെ ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന 59 സ്ഥാപനങ്ങൾ 2020-21 വർഷത്തെ രണ്ട് പകുതികളിലും ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കുവരുത്തിയിട്ടില്ലെന്ന് കാണാൻ സാധിച്ചു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30 തീയതി 28.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തൊഴിൽനികുതി രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 42 | ധനരാജ് ടാക്കീസ് |
| 77 | അലവിൽ നോർത്ത് എൽ പി സ്കൂൾ |
| 82 | മറൈൻ ബിസിനസ് അസോസിയേറ്റ്സ്, അലവിൽ |
| 99 | അഹല്യ മണി എക്സ്ചേഞ്ച് |
| 121 | ഇസാഫ് മൈക്രോഫിനാൻസ് & ഇൻവെസ്റ്റ്മെന്റ് |
| 126 | SCP ഹോമിയോപ്പതിക് ഹെൽത്ത് സെന്റർ, കുന്നംകൈ |
| 133 | ചിറക്കൽ കിൻഡർ ഗാർഡൻ ട്യൂഷൻ സെന്റർ |
| 138 | നിയോൺ ഫുഡ്സ് നട്സ് & ഡ്രൈ ഫ്രൂട്ട്സ് |
| 139 | ടി പി എം സീ ഫുഡ്സ്, കാട്ടാമ്പള്ളി |
| 141 | ഡോർമിയോ ഇന്റർനാഷണൽ, അലവിൽ |
| 142 | നോറിസ് കൊല്ലറത്തിക്കൽ കീരിയാട് |
| 143 | സ്പൈസ് ഗ്രിൽ, പുതിയതെരു |
| 144 | എസ് ജെ സോമിൽ, കീരിയാട് |
| 145 | കണ്ണൂർ സർവോദയ സംഘം, ചിറക്കൽ |
| 146 | യുണൈറ്റഡ് മെഡിക്കൽ അലൈഡ് ഇൻഡസ്ട്രിയൽ |
| 150 | എം കെ എന്റർപ്രൈസസ്, അലവിൽ |
| 153 | ഗുഡ് ലക്ക് ഇൻഡസ്ട്രീസ്, ചിറക്കൽ |
| 154 | ഗ്രാനൈറ്റ് ഇൻഡസ്ട്രീസ് |
| 155 | ഫാത്തിമ ഓയിൽ മിൽ, കാട്ടാമ്പള്ളി |
| 160 | നിയോ ഫുഡ്സ് & സ്പൈസസ് |
| 162 | കെ സി എം വുഡ് ഇൻഡസ്ട്രീസ് |
| 167 | പെന്റാകർട്ടൻ, അലവിൽ |
| 169 | സ്മൈൽ കെയർ ഡെന്റൽ ക്ലിനിക്ക് |
| 171 | വിസ്മയ ഗാർമെൻറ്സ്, പുതിയതെരു |
| 173 | റാഹത്ത് റസ്റ്റോറന്റ് & കാറ്ററിംഗ് |
| 176 | ജി മീഡിയ കമ്പ്യൂട്ടർ എഡ്യുക്കേഷൻ |
| 178 | ഇൻഡസ് മോട്ടോർസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് |
| 180 | കടലായി ശ്രീകൃഷ്ണ ക്ഷേത്രം |
| 184 | ബയോ, കണ്ണൂർ |
| 186 | പാർവ്വതി ഓട്ടോ മൊബൈൽസ് |
| 187 | എ ഡി കെ എന്റർപ്രൈസസ് |
| 189 | ഓർക്കിഡ് ഫാമിലി റസ്റ്റോറന്റ് |
| 190 | ലാസ് ബ്യൂട്ടി കോസ്മെറ്റിക്സ് |
| 192 | വൈഭവ് അസോസിയേറ്റ്സ് |
| 193 | കെയർ വെൽ ഡയഗ്നോസ്റ്റിക്ക് |
| 195 | മൈത്രേയ ആയുർവേദ ഹെറിറ്റേജ് |
| 196 | എം ബി സ്പോർട്സ് വെയർ |
| 197 | ഔറ ഡിസൈൻസ്, പുതിയതെരു |
| 200 | മിക്കായി ഹോളിഡേയ്സ് |
| 201 | മെലൂഹ ഗാര്മെന്റ്സ് |

| | |
|---|---|
| 202 | മർഹബ വുഡ് ഇൻഡസ്ട്രീസ് |
| 204 | ബാബാസ് കണ്ണൂർ ഫാസ്റ്റ് ഫുഡ് |
| 206 | റിഫ്താ ഹാൾ |
| 207 | സത്യം ബിൽഡേഴ്സ് |
| 208 | ക്യൂട്ടിക്കിൾ സൊല്യൂഷൻസ് |
| 216 | കുന്നംപുറത്ത് ട്രേഡേഴ്സ്, അലവിൽ |
| 219 | റെഡ് ചില്ലീസ്, പുതിയതെരു |
| 220 | ഫ്ലേവർ മാർട്ട്, പനങ്കാവ് |
| 221 | വിസ്ഡൻ എന്റർപ്രൈസസ് |
| 222 | ചൈതന്യ ഡെന്റൽ സ്പാ |
| 223 | ബിഷ്‌ർ ക്ലിനിക്കൽ ലബോറട്ടറി |
| 224 | വിഷ്ണു ഏജൻസീസ്, പുതിയതെരു |
| 225 | സ്വാസ്ഥ്യം ആയുർവേദ പഞ്ചകർമ സെന്റർ |
| 228 | ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് |
| 230 | സെനോറിറ്റ സ്റ്റീൽ ഫർണിച്ചർ |
| 233 | യൂണിവേഴ്സൽ പ്ലൈവുഡ് |
| 234 | അക്ഷയ കേന്ദ്രം, കാട്ടാമ്പള്ളി |
| 235 | ഹോട്ടൽ പാലസ് |
| 237 | ഇഹ്‌ലാസ് ട്യൂഷൻ സെന്റർ |

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിലുള്ള തുക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-12 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ ₹1287യുടെ കുറവ്

പഞ്ചായത്തിൽ പരിപാലിച്ച് വരുന്ന പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്ത കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട് ഈടാക്കിയ പെർമിറ്റ് ഫീസ് കുറവാണെന്ന് കാണാൻ സാധിച്ചു.

| കെട്ടിട ഉടമയുടെ പേര് | ഉപ യോഗ ക്രമം | പെർ മിറ്റ് അപേക്ഷ നമ്പർ | കെട്ടിട ത്തിന്റെ വിസ്തീർണം | ഈടാ ക്കിയ ഫീസ് | ഈടാ ക്കേണ്ടി യിരുന്ന ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| വളപ്പിലാക്കണ്ടി പ്രദീപ് സി | പാർപ്പിടം | A3/2982/20 Dated 11.06.2020 | GF – 95.93<br>FF - 95.93<br>Total – 191.86m2 | 770 | 1343 (191.86 X 7) | 573 |
| തുണോലി ശോഭന സി പി | വാണിജ്യം | A3/6931/20 Dated 07.12.2020 | GF (നിലവിലുള്ളത്) – 125.17<br>FF (നിലവിലുള്ളത്) – 125.17<br>GF | 7060 (250.72x 10+287.82 X10+ 238.82x7) | 7774 (250.72x 10+287.82 X10+ 238.82x10) | 714 |

| | | | | | | |
|---|---|---|---|---|---|---|
| | | | (പുതുതായി നിർമ്മി ക്കുന്നത്) – 250.72<br>FF (പുതുതായി നിർമ്മി ക്കുന്നത്) – 287.82<br>SF (പുതുതായി നിർമ്മി ക്കുന്നത്) – 238.82<br>Total (പുതുതായി നിർമ്മി ക്കുന്നത്) – 777.36 | | | |
| ആകെ | | | | | | 1287 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19 തീയതി 27.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പെർമിറ്റ് ഫീസ് ഇനത്തിൽ കുറവ് വന്ന ₹1287യുടെ നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-13 60 ച.മീ. യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കി

സ.ഉ.(എം.എസ്)358/15 തി.16.12.2015 പ്രകാരം 60 ച.മീ. വരെ വിസ്തീർണമുള്ള ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തെ 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്സ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചപ്പോൾ 60 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ലെന്ന് കാണാൻ സാധിച്ചു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് |
|---|---|---|---|
| 1 | 2/429 | താഴത്തെ നില (80.75 ച മീ), ഒന്നാം നില (80.75 ച മീ) | പിള്ളവീട്ടിൽ ലക്ഷ്മി |
| 2 | 3/261 | താഴത്തെ നില (72 ച മീ), ഒന്നാം നില (12 ച മീ) | വി വി മനോജ് കുമാർ |
| 3 | 4/481 A | താഴത്തെ നില (69.5 ച മീ), ഒന്നാം നില (69.5 ച മീ ) | ഇ കുഞ്ഞിരാമൻ |
| 4 | 5/665 A | താഴത്തെ നില (158.6 ച മീ) | ടോം മാത്യു (ഏഷ്യൻ പോളിമർസ്, |
| 5 | 6/367 | താഴത്തെ നില (70 ച മീ ) | കപ്പള്ളി ജീജ |
| 6 | 6/523 | താഴത്തെ നില (70 ച മീ ) | അരിങ്ങളയൻ ജാനകി |
| 7 | 7/117 A | താഴത്തെ നില (116 ച മീ ) | രതീഷ് കെ |

| | | | |
|---|---|---|---|
| 8 | 9/327 B | താഴത്തെ നില (85 ച മീ ) | എൽ ശിവരാമൻ |
| 9 | 10/68 A | താഴത്തെ നില (120 ച മീ ) | സി പുരുഷോത്തമൻ |
| 10 | 11/217 | താഴത്തെ നില (85 ച മീ ), ഒന്നാം നില (85 ച മീ ) | ഇ പി ചന്ദ്രൻ |
| 11 | 13/78 A | താഴത്തെ നില (89.48 ച മീ ) | അയ്യംപറമ്പിൽ രാജ് ബാബു |
| 12 | 15/916 A | താഴത്തെ നില (85 ച മീ ) | കെ സി പ്രമീള |
| 13 | 15/1250 A | താഴത്തെ നില (70 ച മീ ) | ഇസ്മായിൽ |
| 14 | 16/169 A | താഴത്തെ നില (99 ച മീ ) | ഉഷ എ |
| 15 | 16/801 | താഴത്തെ നില (120 ച മീ ), ഒന്നാം നില (25 ച മീ ) | കാണിച്ചേരി രാഘവൻ |
| 16 | 19/157 B | താഴത്തെ നില (90 ച മീ ) | എ കെ ശൈലജ |
| 17 | 20/496 A | താഴത്തെ നില (122 ച മീ ) | പുതിയ പുരയിൽ ഹാഷിം |
| 18 | 21/228 A | താഴത്തെ നില (65 ച മീ ), ഒന്നാം നില (65 ച മീ ) | പി ശിവദാസൻ |
| 19 | 21/482 | താഴത്തെ നില (157.59 ച മീ), ഒന്നാം നില (40 ച മീ) | സി സി ഭാനുമതി |
| 20 | 22/70 | താഴത്തെ നില (98 ച മീ ) | കെ സുനിൽ കുമാർ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 32 തീയതി 28.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## 1-14 കെട്ടിട നികുതി നിർണ്ണയത്തിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 50 രൂപയും വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് 70 രൂപയുമാണ്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ചുവടെ ചേർത്ത വാണിജ്യ കെട്ടിടത്തെ 100 ചതുരശ്ര മീറ്ററിൽ കുറവുള്ള ഗണത്തിൽ പെടുത്തിയാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത്.

| ക്രമ നം. | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | എം പി യഹിയ | 17/767 F | 236 | 50 | 70 |
| 2 | എം പി യഹിയ | 17/760 G | 221 | 50 | 70 |
| 3 | പ്രശാന്ത് കുമാർ കെ | 21/254 B | 210 | 50 | 70 |
| 4 | ചൂട്ടാച്ചി പുതിയപുരയിൽ മുഹമ്മദ് ഫാസിൽ | 6/352 A | 160.78 | 50 | 70 |
| 5 | കൊയിലി പവിത്രൻ | 17/479 | 120 | 50 | 70 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 18 തീയതി 27.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ കെട്ടിടങ്ങളിൽ നിന്ന് പുതിയ നിരക്കിലുള്ള വസ്തുനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-15 മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിൽ കുറവ് - 10700 രൂപയുടെ നഷ്ടം

1996ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18, 19 പട്ടിക IIIൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മണ യന്ത്രമോ ഉപയോഗിക്കുന്നതിനുള്ള പരമാവധി ഫീസ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ആയത് പ്രകാരം യന്ത്രങ്ങളുടെ കുതിര ശക്തിക്ക് അനുസൃതമായി ഈടാക്കേണ്ട റണ്ണിങ്ങ് ഫീസ് ചുവടെ ചേർക്കും പ്രകാരമാണ്.

| യന്ത്രത്തിന്റെ കുതിര ശക്തി (HP) | ചുമത്താവുന്ന ഫീസ് |
|---|---|
| ഒരു കുതിര ശക്തിയിൽ കവിയാത്ത യന്ത്രങ്ങൾ | 10 |
| 1 HPയിൽ കവിയുന്നതും 5 HPയിൽ കവിയാത്തതുമായ യന്ത്രങ്ങൾ | 50 |
| 5 HPയിൽ കവിയുന്നതും 10 HPയിൽ കവിയാത്തതുമായ യന്ത്രങ്ങൾ | 100 |
| 10 HPയിൽ കവിയുന്നതും 20 HPയിൽ കവിയാത്തതുമായ യന്ത്രങ്ങൾ | 200 |
| 20 HPയിൽ കവിയുന്നതും 30 HPയിൽ കവിയാത്തതുമായ യന്ത്രങ്ങൾ | 300 |
| 30 HPയിൽ കവിയുന്നതും 40 HPയിൽ കവിയാത്തതുമായ യന്ത്രങ്ങൾ | 400 |
| 40 HPയിൽ കവിയുന്നതും 50 HPയിൽ കവിയാത്തതുമായ യന്ത്രങ്ങൾ | 500 |
| 50 HPയിൽ കവിയുന്നതും 100 HPയിൽ കവിയാത്തതുമായ യന്ത്രങ്ങൾ | 1000 |
| 100 HPയിൽ കവിയുന്നതും 200 HPയിൽ കവിയാത്തതുമായ യന്ത്രങ്ങൾ | 2000 |
| 20 HPക്ക് മുകളിലുള്ള ഓരോ HPക്കും 10 രൂപ വീതം | |

ചിറക്കൽ ഗ്രാമ പഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ, ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതുമായി ബന്ധപ്പെട്ട് അപാകതകൾ കാണാൻ സാധിച്ചു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | കെട്ടിട നമ്പർ | ഉപയോഗിക്കുന്ന മോട്ടോറിന്റെ പവർ | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| 42 | കെ സി അഷ്‌റഫ് | റീസ് ഫ്ലോർ മിൽ | 3/671 A,B | 25 HP | 100 | 300 | 200 |
| 77 | കെ എസ് ഫൈസൽ | ഇബ്ന പ്ലൈവുഡ് & ഡോർസ് | 5/654 | 95 HP | 1000 | 2070 | 1070 |
| 115 | പി കെ ടി മുസ്തഫ | അൽ മുബാരക് ഫ്ലോർ മിൽ | 12/248 | 20 HP | 100 | 200 | 100 |
| 116 | കെ അലി | അരയസേത്ത് | 12/579 | 20 HP | 100 | 200 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ഫ്ലോർ മിൽ | | | | | |
| 132 | സുധ സി | അയ്യപ്പാസ് ബേക്കറി | 21/49 | 18 HP | 100 | 200 | 100 |
| 139 | ജോൺസൺ മാത്യു | എസ് എം ദന്തൽ സൊല്യൂഷൻസ് | 15/195 | 150 HP | 750 | 2000 | 1250 |
| 156 | ടോം മാത്യു | ഏഷ്യൻ പോളിമേർസ് | 5/667 | 28 HP | -- | 300 | 300 |
| 165 | സൈനുദ്ദീൻ പി | പി സി പ്ലൈവുഡ്സ് | 5/373 | 117 HP | 600 | 2000 | 1400 |
| 211 | - | പ്ലൈ മെഷീൻ | 3/681 | 22 HP | 150 | 300 | 150 |
| 231 | കെ പി കമാലുദ്ദീൻ | കെ പി കെ ഇൻഡസ്ട്രീസ് | 1/530 | 10 HP | -- | 100 | 100 |
| 236 | അലാൻ മുനീർ | എം എം വുഡ് ഇൻഡസ്ട്രീസ് | 5/121 A | 56 HP | 500 | 1000 | 500 |
| 302 | കെ പി മുഹമ്മദ് റാഫി | ഡോർ നിർമാണം | 6/350 | 30 HP | 200 | 300 | 100 |
| 357 | കെ എസ് അബ്ദുൾ സത്താർ | സെഞ്ചുറി റസിൻസ് & അലൈഡ് പ്രൊഡക്ട്സ് | 5/656 | 98 HP | 500 | 1000 | 500 |
| 358 | എം ഷഹീസ് | സീന വുഡ് ഇൻഡസ്ട്രീസ് | 5/119, 120 | 200 HP | 1000 | 2000 | 1000 |
| 359 | എം ഷമീന | ജെറ്റ് ബോർഡ് | 5/656 B | 98 HP | 500 | 1000 | 500 |
| 360 | എം ഷംനാദ് ബീഗം | ഷാജാ വുഡ്സ് | 5/664 | 98 HP | 500 | 1000 | 500 |
| 361 | എം ഷഹീസ് | ഷാംകോ വിനീർസ് | 5/656 A | 208 HP | 1000 | 2080 | 1080 |
| 376 | അസ്ലാം പാലവത്ത് | അലവിൽ ഫ്ലോർ മിൽ | 20/378 | 15 HP | 100 | 200 | 100 |
| 378 | ഷമീർ റാസ | കെ പി കെ ഇൻഡസ്ട്രീസ് | 1/530 | 4 HP | -- | 50 | 50 |
| 428 | ഷീന സി | വിജയലക്ഷ്മി ഫ്ലോർ മിൽ | 4/812 | 22.5 HP | 150 | 300 | 150 |
| 678 | ബി പി അബ്ദുൾ ഗഫൂർ | യൂണിവേർസൽ പ്ലൈവുഡ്സ് | 23/687, 688, 689 | 42 HP | 100 | 500 | 400 |
| 679 | ബി പി അബ്ദുൾ ഗഫൂർ | യൂണിവേർസൽ പ്ലൈവുഡ്സ് | 23/686 | 47 HP | 100 | 500 | 400 |
| 692 | വിനോദ് കെ സി | യൂണിവേർസൽ ഫുഡ് പ്രൊഡക്ട്സ് | 19/433 | 7.5 HP | -- | 100 | 100 |
| 764 | രജിത് പി | ഹരിത എഞ്ചിനീയറിംഗ് വർക്ക്സ് | 9/254 | 8 HP | -- | 100 | 100 |
| 767 | സിജു പി വി | എൻ ജി റൈസ് മിൽ | 4/880 | 22.5 HP | 150 | 300 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| 782 | സുനിൽ മാത്യു | ഡെന്റൽ ഇംപ്ലാന്റ് സ്റ്റുഡിയോ | 16/282 F, 282 G | 40 HP | 200 | 400 | 200 |
| 783 | ശശിധരൻ കെ | കെ എസ് വാട്ടർ സർവീസ് സ്റ്റേഷൻ | 22/469, 470 | 8 HP | 50 | 100 | 50 |
| 932 | മിനി എ കെ | അനുഗ്രഹ് കറി പൗഡർ നിർമാണം | 12/50 | 9 HP | 50 | 100 | 50 |
| ആകെ കുറവ് വന്ന തുക | | | | | | | 10,700 |

മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിൽ മേൽപ്പറഞ്ഞ പ്രകാരം ₹10700യുടെ കുറവ് വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12 തീയതി 26.04.2022) മറുപടിയായി മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിൽ വന്ന അപാകതകൾ പരിഹരിക്കുന്നതിന് ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കുറവ് വന്ന തുക (₹10,700) ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-16 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടകയിനത്തിൽ കുടിശ്ശിക

2020-21 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള, ചുവടെ ചേർത്ത കെട്ടിടത്തിന്റെ വാടകയിനത്തിൽ കുടിശ്ശിക ഉള്ളതായി കാണാൻ സാധിച്ചു.

| ക്രമ നമ്പർ | പേര് | കെട്ടിട നമ്പർ | കുടിശ്ശിക തുക |
|---|---|---|---|
| 1 | തൊടേൻ മോഹനൻ | XV/821 | 14,360 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20 തീയതി 27.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച വാടകക്കാരനിൽ നിന്ന് കുടിശ്ശിക തുക ഈടാക്കി ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-17 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയതിൽ ₹250 കുറവ്

2020-21 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിലെ ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ അപാകതകളുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | പേര് | തസ്തിക | അർദ്ധ വർഷം | ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|
| 1 | രാജാസ് ഹൈസ്കൂൾ | മിഥുൻ ആർ | FTM | I | 1,02,448 | 750 | 1000 | 250 |
| 2 | എസ് എം ഡെന്റൽ സൊല്യൂഷൻസ് | നിജിൻ കൊയി ലേരിയൻ | ലഭ്യമാക്കിയിട്ടില്ല | I | 60,788 | 450 | 600 | 150 |
| ആകെ | | | | | | | | ₹400 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15 തീയതി 27.04.2022) മറുപടിയായി ക്രമ നമ്പർ 2ൽ പരാമർശിച്ച സ്ഥാപനത്തിലെ ജീവനക്കാരനിൽ നിന്ന് കുറവ് വന്ന തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നമ്പർ 1ൽ പരാമർശിച്ച സ്ഥാപനത്തിലെ ജീവനക്കാരനിൽ നിന്നും കുറവ് വന്ന ₹250 ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-18 ഇ-ടെണ്ടർ ഫീ-പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളിലെ ഇ-ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ട് മുഖേനയാണ്. ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീസ്, ഇ എം ഡി എന്നീ ഇനങ്ങളിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്തിരുന്നത്. ആയതിൽ ₹1,15,808 തിരികെ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കുവാൻ ബാക്കിയുണ്ടെന്ന് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം3/19.4.22)ക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. തിരികെ ലഭിക്കാൻ ബാക്കിയുള്ള

തുക പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-19 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നുണ്ട്.

| വാർഡ് നം./ കെട്ടിട നം. | മൊബൈൽ ടവറിന്റെ വിവരം | വസ്തുനികുതി (രൂപ) | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 2/277 | ഡിഷ്നെറ്റ് വയർലസ് ലിമിറ്റഡ് | 8,560 | 2020-21 മുതൽ കുടിശ്ശിക |
| 8/137 A | ഡിഷ്നെറ്റ് വയർലസ് ലിമിറ്റഡ് | 8,560 | 2020-21 മുതൽ കുടിശ്ശിക |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17 തീയതി 27.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-20 തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ പഠിതാക്കളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല. ₹10000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രൊജക്ടിന്റെ പേര്/നമ്പർ | തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ 82/21 |
| അടങ്കൽ | 171600 (തനത് ഫണ്ട്) |
| ചെലവ് | 42315 |
| ചെക്ക് നം/തീയ്യതി | 5742593/30-03-2021 - 37700/-<br>10089898/31-03-21 - 4615 |

മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിനായി ആകെ ചെലവഴിച്ച 42315 രൂപയിൽ 37700 രൂപ വിവിധ കോഴ്സുകളുടെ കോഴ്സ് ഫീ തുക സംസ്ഥാന സാക്ഷരതാ മിഷന് അനുവദിച്ച താണ്.ഇതിൽ 2500 രൂപ ഒരു പഠിതാവിന്റെ അച്ചീ ഫിന്ദി കോഴ്സിനുള്ളതും 7500 രൂപ 3 ഗുണഭോക്താക്കളുടെ ഗുഡ് ഇംഗ്ലീഷ് കോഴ്സിനുമുള്ള തുകയുമാണ്. എന്നാൽ പഠിതാക്കളെ സംബന്ധിച്ച വിവരങ്ങൾ കോഴ്സ് പാസായതിന്റെ വിവരം എന്നിവ ഹാജരാക്കിയിട്ടില്ല. മേൽ കാരണത്താൽ (2500+7500) 10,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.10/25.04.22).

### 1-21 IEC ബോർഡ് സ്ഥാപിക്കൽ - ₹299750 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി, ചിറക്കൽ |
| പദ്ധതിയുടെ പേര് | IEC ബോർഡ് സ്ഥാപിക്കൽ - സ്പിൽ ഓവർ |
| പ്രൊജക്ട് നം | 282/21 |
| അടങ്കൽ | ₹3,00,000 – തനത് ഫണ്ട് |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | ചെക്ക് നം. 5742578, തീയതി 22.02.2021 ₹2,99,750 |

പി.എച്ച്.സി. ചിറക്കലിൽ ടോക്കൺ സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി ക്വട്ടേഷൻ മുഖേന മലബാർ എക്കോ സൈൻ എന്ന സ്ഥാപനത്തിൽ നിന്നാണ് പി എച്ച് സി ക്ക് വേണ്ടി IEC ബോർഡ് വാങ്ങിയിട്ടുള്ളത്. സ്ഥാപനത്തിൽ IEC ബോർഡ് സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, മലബാർ എക്കോ സൈനിൽ നിന്നുള്ള കൈപ്പറ്റ് രശീത്, ഉപകരണം സ്റ്റോക്കിൽ എടുത്തതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-37 തീയതി 28.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയുടെ അടിസ്ഥാനത്തിൽ ₹2,99,750 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 സ്വയം തൊഴിൽ-ടെയിലറിംഗ് എസ്.സി വനിതകൾക്ക് - ₹150000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതിയുടെ പേര് | സ്വയം തൊഴിൽ-ടെയിലറിംഗ് എസ്.സി വനിതകൾക്ക് |
| പ്രൊജക്ട് നം | 57/20-21 |
| അടങ്കൽ | 300000 (വികസനഫണ്ട് എസ്.സി.പി ) |
| ചെലവ് | 19/20-21 തീയതി, 31.03.21 1,50,000/ |

എസ്.സി. വനിതകൾക്ക് സ്വയം തൊഴിൽ -ടെയ്ലറിംഗ് യൂണിറ്റ് എന്ന സംരംഭം തുടങ്ങുന്നതിനായി ,ചിറക്കൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 70000/- രൂപ വീതം 3 ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ബാക്ക് എന്റ് സബ്സിഡി തുകയായി 50000/- രൂപ വീതം ആകെ 150000/- രൂപ ,ചിറക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെ 1001054000015 എന്ന അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾ സ്വയംതൊഴിൽ സംരംഭം ആരംഭിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുന്ന രേഖകൾ, വായ്പ തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ, സംരംഭത്തിന് വേണ്ടി വാങ്ങിയ മൂലധന ആസ്തികളുടെയും മറ്റുമുള്ള ചെലവുകളെയും സംബന്ധിച്ച ക്യാഷ് ബില്ലുകൾ , പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നീ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ രേഖകൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീയതി 21.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹150000 തടസ്സപ്പെടുത്തുന്നു.

## 1-23 ചിറക്കൽ പി.എച്ച്.സി. ക്ക് മരുന്ന് വാങ്ങൽ - ₹14362 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ചിറക്കൽ പി.എച്ച്.സി. ക്ക് മരുന്ന് വാങ്ങൽ |
| പ്രൊജക്ട് നം. | 100/21 |
| അടങ്കൽ | ₹2,61,804/- (₹71,653- തനത് ഫണ്ട്, ₹190151 – മെയിന്റനൻസ് ഫണ്ട് (റോഡിതരം)) |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | 06/20-21 തീയതി 12.06.2020 ₹14,362<br>ചെക്ക് നം. 5742538 തീയതി 10.11.2020, ₹71,653<br>ചെക്ക് നം. 5742553 തീയതി 01.02.2021, ₹4136<br>43/20-21 തീയതി 22.03.2021, ₹14,823<br>ആകെ ₹1,04,974 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി, ചിറക്കൽ |

പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബിൽ നം. 06/20-21 തീയതി 12.06.2020 പ്രകാരം 14,362 രൂപയുടെ മരുന്നുകൾ കാനണ് ഡ്രഗ്സ് & സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിക്കാതെ നേരിട്ടാണ് വാങ്ങിയിട്ടുള്ളത്.

2. ബിൽ നം. 43/20-21 തീയതി 22.03.2021 പ്രകാരം 14,823 രൂപയുടെ മരുന്നുകൾ നീതി മെഡിക്കൽസിൽ നിന്ന് വാങ്ങിയതുമായി ബന്ധപ്പെട്ട് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ.ഉ.(കൈ) നം.22/2018/തസ്വഭവ തിയതി 14.02.2018 ഖണ്ഡി 7.5.3 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്നുകൾ വാങ്ങാനോ മരുന്നിനു വേണ്ടി തുക ചെലവഴിക്കാനോ പാടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-37 തീയതി 28.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയുടെ അടിസ്ഥാനത്തിൽ ₹14362 തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-24 സമഗ്ര കൊതുക് നിയന്ത്രണം - ₹22760 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | സമഗ്ര കൊതുക് നിയന്ത്രണം |
| പ്രൊജക്ട് നം. | 98/21 |

| | |
|---|---|
| അടങ്കൽ | ₹50,000 – തനത് ഫണ്ട് |
| ബിൽനം./ചെക്ക് നം./തീയ്യതി/തുക | ചെക്ക് നം. 5742595 തീയതി 31.03.2021 ₹22,760 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി, ചിറക്കൽ |

പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കീടനാശിനി തളിച്ചതിന് പ്രതിദിനം 240 രൂപ നിരക്കിൽ കൂലി അനുവദിക്കുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) പ്രതിദിനം 240 രൂപ നിരക്കിൽ തുക നിശ്ചയിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2) കീടനാശിനി തളിച്ചതുമായി ബന്ധപ്പെട്ട് രാകേഷ് സി എച്ച്, എം കരീം എന്നിവർക്കാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ ഇവരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-37 തീയതി 28.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ₹22760 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 അടങ്കൽ തുകയേക്കാൾ അധികം തുക ചെലവഴിച്ചു

മെഡിക്കൽ ഓഫീസർ, പി എച്ച് സി നിർവ്വഹണം നടത്തിയ, ചിറക്കൽ പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ, പിഎച്ച്സി ലബോറട്ടറിക്ക് റീ ഏജന്റ് വാങ്ങൽ എന്നീ പദ്ധതികളുടെ സുലേഖ ചെലവ് പത്രിക പ്രകാരം അടങ്കൽ തുകയേക്കാൾ അധികം തുക ചെലവഴിച്ചതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവ് തുക | അപാകത |
|---|---|---|---|---|
| 100/21 | ചിറക്കൽ പി എച്ച് സിക്ക് മരുന്ന് വാങ്ങൽ | ₹2,61,804/- (₹71,653- തനത് ഫണ്ട്, ₹190151 – മെയിന്റനൻസ് ഫണ്ട് (റോഡിതരം)) | ₹1,04,974/- (₹75,789- തനത് ഫണ്ട്, ₹29,195 – മെയിന്റനൻസ് ഫണ്ട് (റോഡിതരം)) | തനത് ഫണ്ടിൽ നിന്ന് അടങ്കലിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട് |
| 108/21 | പി എച്ച് സി ലബോറട്ടറിക്ക് റീ ഏജന്റ് വാങ്ങൽ | ₹83,047/ – മെയിന്റനൻസ് ഫണ്ട് (റോഡിതരം) | ₹51,747/ – (₹7142- തനത് ഫണ്ട്, ₹44,605/–മെയിന്റനൻസ് ഫണ്ട് (റോഡിതരം)) | തനത് ഫണ്ടിൽ നിന്ന് അടങ്കൽ തുക ഇല്ലെങ്കിലും ആയതിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ട് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-37 തീയതി 28.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-26 ഭൂമി പൂർണ്ണമായും വിട്ടു കിട്ടാതെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ, ചിറക്കൽ ഗ്രാമ പഞ്ചായത്ത്. |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 164/21 കടലായിതെരു ദാസ് മോഹനന്റെ വീട് - മണ്ഡപം കുളം വരെ ഫുട്പാത്ത് കോൺക്രീറ്റ് |
| അടങ്കൽ | ₹1,27,500 (തനത് ഫണ്ട്) |
| ചെലവ് തുക (ചെക്ക് നമ്പർ) | ₹ 72,296 (777581/31.03.21) |
| കരാറുകാരന്റെ പേര് | മഹേന്ദ്രൻ കെ |
| എം ബുക്ക് നം. | 09/20 |
| ആകെ പ്രവൃത്തി മൂല്യം | ₹72,296 (12% ജി എസ് ടി കോമ്പൻസേഷൻ ഉൾപ്പടെ) |
| എഗ്രിമന്റ് നം. | AE/CKL/09/LSGD/20-21/16.10.2020 |
| പി എ സി | 98225 |

മുകളിൽ പരാമർശിച്ച പദ്ധതിയുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് തയ്യാറാക്കിയത് 56 മീറ്റർ ഫുട്പാത്ത് കോൺക്രീറ്റ് ചെയ്യുന്നതിനാണ്. ടെൻഡർ നടപടികളിലൂടെ മഹേന്ദ്രൻ കെ എന്ന കരാറുകാരന് പ്രവൃത്തി നടപ്പിലാക്കുന്നതിനായി 06.09.2020 ന് സെലക്ഷൻ നോട്ടീസ് നൽകുകയും 16.10.2020 ന് കരാറിലേർപ്പെടുകയും സൈറ്റ് കൈമാറുകയും ചെയ്തു. എന്നാൽ പ്രൊജക്ട് നടപ്പിലാക്കുന്നതിനുള്ള കൺസെന്റ് 20 മീറ്റർ സ്ഥലത്തിന് മാത്രമേ ലഭിച്ചിട്ടുള്ളൂ എന്നും ആയത് കാരണം പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല എന്നും 06.02.21 ന് കരാറുകാരൻ അറിയിച്ചതിനെ തുടർന്ന് തടസ്സം ഒഴിവാക്കിത്തരുന്നതിനും പ്രവൃത്തിയുടെ സമയം നീട്ടി നൽകുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിക്ക് കത്ത് നൽകിയെങ്കിലും (നം. ഡി1/എ/സി കെ എൽ/09/20-21 Dated 06.02.21) ആയതിന് തുടർനടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല. തുടർന്ന് 10.02.21 ന് 25.7 മീറ്റർ നീളത്തിൽ പ്രവൃത്തി നടപ്പിലാക്കുയും മേൽ പട്ടികയിൽ പരാമർശിച്ച പ്രകാരം ഫൈനൽ ബിൽ സമർപ്പിക്കുകയും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലുണ്ടായ താഴെ പരാമർശിക്കുന്ന അപാകങ്ങൾക്ക് മറുപടി ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം 35/28.04.22) നൽകിയതിന് മറുപടി ഹാജരാക്കുകയുണ്ടായില്ല.

1) ഒരു പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിക്കുന്നതിന് മുമ്പായി പ്രവൃത്തിയുടെ ഭരണാനുമതി, സാങ്കേതികാനുമതി, ഭൂമി പൂർണ്ണമായും വിട്ടു കിട്ടിയിട്ടുണ്ട് എന്ന കാര്യം എന്നിവ ഉറപ്പു വരുത്തണം (കേരള പി ഡബ്ല്യു ഡി മാന്വൽ 2012, സെക്ഷൻ 2003). എന്നാൽ റോഡ് പ്രവൃത്തിയുടെ കാര്യത്തിൽ 60% ഭൂമി മാത്രമേ വിട്ടു കിട്ടിയിട്ടുള്ളൂ എങ്കിലും സർക്കാർ മുൻകൂർ അനുമതിയോടെ ടെൻഡർ ചെയ്യാവുന്നതാണ്. പ്രവൃത്തിയുമായി ബന്ധപ്പെട്ട ഭൂമി വിട്ടു കിട്ടാതെ പ്രവൃത്തി ടെൻഡർ ചെയ്യാനിടയാക്കിയ കാരണം വ്യക്തമാക്കിയിട്ടില്ല.

2) 56 മീറ്റർ നീളത്തിൽ നടപ്പിലാക്കേണ്ട പ്രവൃത്തി 25.7 മീറ്റർ നീളത്തിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രവൃത്തി ഭാഗികമായി പൂർത്തീകരിക്കുന്നതിലൂടെ പ്രവൃത്തിയുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് വ്യക്തമല്ല.

3) പ്രവൃത്തിയുമായി ബന്ധപ്പെട്ട സെലക്ഷൻ നോട്ടീസ് കരാറുകാരന് നൽകിയത് 06.09.2020 നാണ്. എന്നാൽ കരാറുകാരൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട സൈറ്റ് ഏറ്റെടുത്ത് കരാറിലേർപ്പെട്ടിരിക്കുന്നത് 16.10.2020 ന് ആണ്. നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാത്തതിന് കരാറുകാരനിൽനിന്നും പിഴ ഈടാക്കിയിട്ടില്ല. കരാർ ചമക്കുന്നതിലുണ്ടായ കാലതാമസത്തിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ്.
മേൽ പരാമർശങ്ങൾക്ക് രേഖകൾ സഹിതം മറുപടി ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-27 കുന്നുംകൈ വ്യവസായ എസ്റ്റേറ്റ് കെട്ടിട നിർമ്മാണം - പദ്ധതി പ്രാവർത്തികമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ പേര് | 251/21 കുന്നുംകൈ വ്യവസായ എസ്റ്റേറ്റ് കെട്ടിട നിർമ്മാണം |
| അടങ്കൽ | ₹20,00,000 (വികസന ഫണ്ട് ,SCP)<br>₹10,92,878 (തനത് ഫണ്ട്)<br>₹50,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

| | |
|---|---|
| | ₹15,60,000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ ₹47,02,878 |
| ചെലവ് തുക (ബിൽ/വൗച്ചർ നമ്പർ) | 1. ₹13,03,000 (17/28.05.2020)<br>2. ₹499961 (51/20.01.2021)<br>3. ₹758810(52/19.01.21)<br>4. ₹ 6,97,000(37/17.09.20)<br>5. ₹454901 (5742531/09.11.2020)<br>6. ₹301229(54/22.01.21)<br>ആകെ ₹40,14,901<br>പ്രൊജക്ട് നം. 154/20 പ്രകാരം 2019-20ലെ ചെലവ് തുകയായ ₹3,22,122 ഉൾപ്പടെ ആകെ ചെലവ് ₹4337023/- |
| കരാറുകാരന്റെ പേര് | ഷംസുദ്ദീൻ എം |
| എം ബുക്ക് നം | 8 വാല്യം എം ബുക്കുകളിൽ 193/18-19, 58/19-20, 58(A)2/19-20, 58(A)3/19-20, എന്നിങ്ങനെ നാലെണ്ണത്തിന് നമ്പർ നൽകിയിട്ടുണ്ട്. മറ്റുള്ളവയ്ക്ക് നമ്പർ നൽകിയിട്ടില്ല. |
| ആകെ പ്രവൃത്തി മൂല്യം | 43,36,824 |
| എഗ്രിമന്റ് നം | AE/CKL/58/18-19/22.11. 18 |

കുന്നംകൈയിൽ വ്യവസായ കെട്ടിട നിർമ്മാണത്തിനായി 2018-19 വർഷം സംയുക്ത ബഹുവർഷ പ്രൊജക്ടായി ആരംഭിച്ച് 27.05.2020 ൽ പൂർത്തീകരിച്ച പദ്ധതി നിർവ്വഹണത്തിലുള്ള അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. 27.05.2020ന് പൂർത്തീകരിച്ച കെട്ടിടം നിർമ്മിച്ചിരിക്കുന്ന സ്ഥലവും കെട്ടിടവും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണ് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

2. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം കെട്ടിടത്തിന് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തിയാക്കിയ കെട്ടിടം ഉപയോഗപ്രദമാക്കിയതിന്റെയും ആയത് പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

3. കെട്ടിടത്തിന് നമ്പർ നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4. എം ബുക്ക് പ്രകാരം ആകെ പ്രവൃത്തി മൂല്യം 4336824 രൂപയാണ്. ഫൈനൽ ബിൽ പ്രകാരം ₹7,56,130 അനുവദിക്കുന്നതിന് മുമ്പായി ആകെ ₹3580893 നൽകിയിട്ടുണ്ടെങ്കിലും നൽകിയ തുകയായി കണക്കിലെടുത്തത് ₹3580694 ആയതിനാൽ കരാറുകാരന് 199/- രൂപ അധികം നൽകാനിടയായിട്ടുണ്ട്. ആയത് വ്യക്തത വരുത്തിയിട്ടില്ല.

5. തനത് ഫണ്ട് പ്രകാരം ചെലവഴിച്ച തുകയായ ₹454901 കരാറുകാരന് കൈമാറിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്താൻ സാധ്യമല്ല. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-28 ഒഴിഞ്ഞ ടാർ വീപ്പയുടെ വില ബന്ധപ്പെട്ട ഫണ്ടിലേക്ക് ഒടുക്കു വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ്, മെയിന്റനൻസ് ഫണ്ട് റോഡ് എന്നീ ഇനത്തിലുള്ള തുക ഉപയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ടാർ ബാരലിന്റെ വില സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലാണ് (719011400000148) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരിക്കുന്നത്. സർക്കുലർ നം.59827/എഫ്.എം./07/തസ്വഭവ തീയതി 30-10-2007 പ്രകാരം ഒഴിഞ്ഞ ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ പിൻവലിച്ചത് അതേ ഫണ്ടിലേക്ക് തിരിച്ചടക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം തുക ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 ടാങ്കറുകളിൽ കുടിവെള്ള വിതരണം - അധികം നൽകിയ 82625/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട്നമ്പർ/പേര് - | 16/21 ടാങ്കറുകളിൽ കുടിവെള്ള വിതരണം |
| അടങ്കൽ<br><br>ആകെ | 472200 വികസന ഫണ്ട്<br>1177800 തനത് ഫണ്ട്<br>16,50,000 |
| ബിൽ നമ്പർ /വൗച്ചർ നമ്പർ, തീയതി, തുക | 15/16-7-20, 472200/-<br>22000405/13-7-20, 489824/-<br>22001211/5-2-21,273523/- |

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനു വേണ്ടി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (കി.മീറ്ററിന് 82 രൂപ) ശ്രീ രാജീവൻ പി എന്നവരെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. KL59 V5034,KL58L270 എന്നീ വാഹനങ്ങളിൽ കുടിവെള്ള വിതരണം നടത്തിയ വകയിൽ വികസന ഫണ്ടിൽ നിന്നും 472200/- രൂപയും, തനത് ഫണ്ടിൽ നിന്ന് 763347/-. രൂപയും കൂടി ആകെ 1235547/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ ചെലവ് തുകയിൽ 13577/- രൂപ IT ഇനത്തിലും, 1221970 /-രൂപ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം നടത്തിയതിൽ വാഹന വാടകയിനത്തിൽ ശ്രീ രാജീവൻ പി എന്നവർക്കും നൽകിയിട്ടുണ്ട്. എന്നാൽ വാഹന വാടകയിനത്തിൽ ശ്രീ രാജീവൻ പി എന്നവർക്ക് നൽകേണ്ടിയിരുന്ന തുക ജി പി എസ് ലോഗിലെ റീഡിംഗ് പ്രകാരം (ഒരു കിലോ മീറ്ററിന് 82 രൂപ നിരക്കിൽ) ₹1139345 യാണ്. എന്നാൽ വാടക ഇനത്തിൽ ശ്രീ രാജീവൻ പി എന്നവർക്ക് നൽകിയത് ട്രിപ്പ് ഷീറ്റ് റീഡിംഗ് പ്രകാരമുള്ള 1221970/- രൂപയാണ്. ജി പി എസ് കിലോമീറ്റർ റീഡിംഗ് പ്രകാരം നൽകേണ്ട തുകയേക്കാൾ 82625/-രൂപ (1221970-1139345) അധികം നൽകിയതിനുള്ള കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/27-04-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ജി പി എസ് കിലോമീറ്റർ റീഡിംഗ് പ്രകാരം നൽകേണ്ട തുകയേക്കാൾ അധികം നൽകിയ 82625/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-30 ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല ₹3,08,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രൊജക്ടിന്റെ പേര്/നമ്പർ | കാട്ടാമ്പള്ളി ജി എം യു പി സ്കൂളിലെ ഏഴാം തരം വരെ ഹൈടെക് വൽക്കരണം-213/21 |
| അടങ്കൽ | 3,08,000 (വികസന ഫണ്ട്)<br>92595 (തനത് ഫണ്ട്)<br>400595 |
| ചെലവ് | 308000 (വികസന ഫണ്ട്)<br>77209 (തനത് ഫണ്ട്)<br>385209 |
| ബിൽ നം./ചെക്ക് നം./തീയ്യതി/തുക | ബിൽ നം.5/28-03-21, 242030<br>തീ.26-03-21, 77209<br>319239 (ഹാജരാക്കിയത്) |

| | |
|---|---|
| | (ചെക്ക് നം. ലഭ്യമായിട്ടില്ല) |

പദ്ധതി നടപ്പിലാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത അർജ്ജുൻ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിൽ നിന്നും 325755 രൂപയുടെ ഫർണ്ണിച്ചറും മറ്റുപകരണങ്ങളും വാങ്ങിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം പദ്ധതിയുടെ ആകെ ചെലവ് 385209 രൂപയാണ്.

(3,08,000 (വികസന ഫണ്ട്), 77209 (തനത് ഫണ്ട്)). എന്നാൽ വികസന ഫണ്ടിൽ നിന്നുമുള്ള ചെലവിന്റെ മുഴുവൻ വൗച്ചറുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

3. ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.11/25.04.21) മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ പറഞ്ഞ കാരണങ്ങളാൽ 3,08,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ -ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല- 9216 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രൊജക്ടിന്റെ പേര്/നമ്പർ | തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ/301/21 |
| അടങ്കൽ | 71500(തനത് ഫണ്ട്) |
| ചെലവ് | 9216(തനത് ഫണ്ട്) |
| ചെക്ക് നം./തീയ്യതി | 10089896/ തീയ്യതി 31-03-2021 |

പദ്ധതി നടപ്പിലാക്കുന്നതിനായി 9216 രൂപ ഹെഡ് മാസ്റ്റർ പിൻവലിച്ചിട്ടുണ്ട്. ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 10/25.04.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കാരണത്താൽ 9216 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 മാലിന്യ സംസ്കരണ പ്ലാന്റിന് സ്ഥലം വാങ്ങൽ - അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| 2019-20 നടപ്പിലാക്കിയ പദ്ധതി | |
| പ്രോജക്ടിന്റെ നമ്പർ / പേര് | മാലിന്യസംസ്കരണ പ്ലാന്റിന് സ്ഥലം വാങ്ങൽ സ്പിൽ ഓവർ (178/19-20,) |
| അടങ്കൽ | 10000000/- (തനത് ഫണ്ട് 2019-20) |
| ചെലവ് | 100000/- ചെക്ക് നം.5624089/04-02-2020 |
| 2020-21 നടപ്പിലാക്കിയ പദ്ധതി | |
| പ്രോജക്ടിന്റെ നമ്പർ / പേര് | മാലിന്യസംസ്കരണ പ്ലാന്റിന് സ്ഥലം വാങ്ങൽ സ്പിൽ ഓവർ (226/20-21) |
| അടങ്കൽ | 4665000/- (തനത് ഫണ്ട് )<br>5235000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ആകെ അടങ്കൽ<br>ആകെ ചെലവ് | 9900000<br>8448327 |

| | |
|---|---|
| ചെലവ് | 1948327/-<br>ചെക്ക്നം.201901520143009600025/18-01-2021<br>2716673/-<br>ചെക്ക് നം.2019015201431759936/26-03-2021<br>3783327/-<br>ചെക്ക് നം.22062136202021/31-03-2021 |
| 2019-20, 2020-21 വർഷങ്ങളിലായി ആകെ ചെലവ് | ₹8548327 |

2017-18 വർഷം മുതൽ സ്പിൽ ഓവറായി തുടരുന്ന മേൽ പദ്ധതി പ്രകാരം ചിറക്കൽ ഗ്രാമപഞ്ചായത്തിലെ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് RFCTLARR Act, 2013ന് വിധേയമായി കണ്ണൂർ താലൂക്കിലെ ചിറക്കൽ അംശം പുഴാതി ദേശത്ത് റീ.സ. 105/4ൽ പെട്ട സ്വകാര്യ വ്യക്തിയുടെ കൈവശമുള്ള 0.0809 ഹെക്ടർ (20 സെന്റ്) ഭൂമി ഏറ്റെടുക്കുന്നതിനായി തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 26/07/2019 തീയ്യതിയിലെ GO(MS)നം.1582/2019/ തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഒരു സെന്റിന് 6 ലക്ഷം രൂപ ഉടമസ്ഥൻ വില നിശ്ചയിച്ചെങ്കിലും ഉഭയകക്ഷി ചർച്ചകളിലൂടെ വില നിശ്ചയിച്ച് ഭൂമി വാങ്ങുന്നതിനുള്ള അനുമതിക്കായി പ്രിൻസിപ്പൽ സെക്രട്ടറി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ കളക്ടർ എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ട് (ഭരണ സമിതി തീരുമാനം നം. 192/17 തിയ്യതി 27.11.2017). ജില്ലാ കളക്ടറുടെ DC/KNR/ 07.01.2018/C1 കത്തിലെ നിർദ്ദേശ പ്രകാരം ഭൂമി ഏറ്റെടുക്കലിന്റെ നഷ്ടപരിഹാര തുകയുടെ 5% ആനുഷാംഗിക ചെലവ് 30% എക്സ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് എന്നീ ഇനങ്ങളിലെ ചെലവിലേക്കായി 100000/- രൂപ മുൻകൂറായി (2019-20 വർഷം) അക്വിസിഷൻ ഓഫീസറായ തഹസിൽദാർ (എൽ.എ) ജനറൽ തലശ്ശേരിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 722031400000349) നൽകിയിട്ടുണ്ട്. തുടർന്ന് കണ്ണൂർ ജില്ലാ കളക്ടറുടെ നിർദ്ദേശമനുസരിച്ച് 2020-21 വർഷം മൂന്ന് തവണകളായി മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം 8448327/- രൂപ തഹസിൽദാർ (എൽ എ) ജനറൽ തലശ്ശേരിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. സ്പെഷ്യൽ തഹസിൽദാരുടെ നിർദ്ദേശ പ്രകാരം 2021-22 വർഷം 18.12.2021ന് ₹23,49,143യും നൽകിയിട്ടുണ്ട്.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) ഓഡിറ്റ് കാലയളവിൽ നാല് ഗഡുകളായി 8548327/- രൂപ സ്പെഷ്യൽ തഹസിൽദാർ (എൽ എ), തലശ്ശേരിയുടെ അക്കൗണ്ട് നമ്പർ 722031400000349 ലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ 16-11-2021 ലെ സ്പെഷ്യൽ തഹസിൽദാർ (എൽ എ), തലശ്ശേരിയുടെ റഫ് നം.എം.3030/19 കത്ത് പ്രകാരം ചിറക്കൽ ഗ്രാമ പഞ്ചായത്തിൽ നിന്നും മൂന്ന് തവണകളായി 5831654/- രൂപ ലഭ്യമായിട്ടുണ്ട് എന്നാണ് അറിയിച്ചത്. മൂന്നാം തവണ നൽകിയ തുകയായ 2716673/- രൂപ സ്പെഷ്യൽ തഹസിൽദാർ നൽകിയ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. കത്തിൽ 5831654/- ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും നൽകാനുള്ള മൊത്തം തുകയായ ₹7985119.87 (പലിശയിനത്തിലുള്ള ₹704158.71 ഉൾപ്പടെ)ൽ നിന്നും അഡ്ജസ്റ്റ് ചെയ്തത് ₹5635977 ആണ്. കണക്കിലുണ്ടായിട്ടുള്ള പിഴവുകൾക്ക് വ്യക്തത വരുത്താതെ (7985119.87-5831654=21,53,465.87) ₹21,53,465.87 നല്കേണ്ടതിന് പകരം ₹23,49,143 നൽകിയതിനാൽ ₹195677.13 യും മൂന്നാം തവണയായി നൽകിയ ₹27,16,673 യും ഉൾപ്പടെ ₹2912350.13 തഹസിൽദാരുടെ അക്കൗണ്ടിലേക്ക് അധികമായി നല്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| നൽകേണ്ട തുക | തഹസിൽദാർ (എൽ എ) നൽകിയ തുകയുടെ വിവരം (ബിൽ/ചെക്ക് നമ്പർ, തീയ്യതി) | | തഹസിൽദാർ (എൽ എ) അധികം നൽകിയ തുകയുടെ വിവരം |
|---|---|---|---|
| 7985119.87 | ആകെ തുക<br>1) 5624089/4-2-20<br>2)28/27-1-21<br>3)39/30-3-21<br>4)22001649/31-3-21<br>5) ചെക്ക് നമ്പർ ലഭ്യമല്ല/18-12-21 | 10897470/-<br>100000/-<br>1948327/-<br>2716673/-<br>3783327/-<br>2349143/- | 2912350.13 |

2) 16.11.2021ലെ സ്പെഷ്യൽ തഹസിൽദാർ (എൽ എ), തലശ്ശേരിയുടെ റഫ്.നം.3030/19 കത്ത് പ്രകാരം ഡിവിഎസ് പ്രകാരമുള്ള തുക 7280961.16/- രൂപയും 31-12-21 വരെ 706 ദിവസങ്ങൾക്ക് പലിശയിനത്തിൽ 704158.71/- രൂപയും ഉൾപ്പടെ 7985119.87/- രൂപ നൽകണം എന്നറിയിച്ചിട്ടുണ്ട്. ആയതു പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത്. ഈ കാലയളവിൽ പലിശ ഈടാക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.

3) 18.12.2021ന് തഹസിൽദാർ നിർദ്ദേശിച്ച പ്രകാരം മുഴുവൻ തുകയും നൽകിയിട്ടും ഇതേ വരെയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയതിന്റെ രേഖകളും വില്ലേജ് ഓഫീസിൽ നിന്നും പൊസ്സഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി നികുതി അടച്ചതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.
മേൽ അപാകങ്ങൾക്ക് വ്യക്തത വരുത്തുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.26/27-04-2022) നൽകിയെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല.

തഹസിൽദാരുടെ അക്കൗണ്ടിലേക്ക് അധികമായി നല്കിയ തുകയായ ₹2912350 തിരികെ ഈടാക്കേണ്ടതും പലിശയിനത്തിൽ ₹704158.71 അനുവദിക്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതുമാണ്.

## 1-33 സംയുക്ത പരിശോധനാ റിപ്പോർട്ട് ഇല്ല. ഇലക്ട്രിസിറ്റി ചാർജ്ജ് അടവാക്കുന്നതിന്റെ ആധികാരികത പരിശോധിക്കാനായില്ല.

തനത് ഫണ്ട് ചെലവുകൾ സംബന്ധിച്ച വൗച്ചറുകൾ പരിശോധിച്ചതിൽ വളപട്ടണം ഇലക്ട്രിക്കൽ സെക്ഷനിൽ തെരുവ് വിളക്കുകളുടെ ഇലക്ട്രിസിറ്റി ചാർജ്ജ് (കൺസ്യൂമർ നം. 1001500) അടവാക്കുന്നതിനായി താഴെ പ്രതിപാദിക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ /തീയ്യതി | തുക |
|---|---|---|
| 1 | 22000079/4/5/2020 | 253238 |
| 2 | 2200208/4/6/2020 | 126619 |
| 3 | 2200383/7/7/2020 | 126619 |
| 4 | 22000509/4/8/2020 | 126619 |
| 5 | 22000651/9/9/2020 | 126619 |
| 6 | 22000760/14/10/2020 | 126619 |
| 7 | 22000877/10/11/2020 | 126703 |
| 8 | 2200984/2/12/2020 | 126619 |
| 9 | 22001092/5/1/2020 | 126619 |
| 10 | 22001195/4/2/2021 | 137315 |
| 11 | 22001406/4/3/2021 | 137315 |
| | ആകെ | 1540904 |

ധനവിനിയോഗത്തിന്റെ സാധുത പരിശോധിക്കുന്നതിനായി ഗ്രാമപഞ്ചായത്തും കെ എസ് ഇ ബി യുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനാ റിപ്പോർട്ട്, തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കേണ്ടതാണെന്ന് കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 9/21-04-2022 ന് മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ എത്രയും പെട്ടെന്ന് കെഎസ്ഇബി യുമായി ചേർന്ന് തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതും ഉപയോഗിക്കുന്ന വൈദ്യുതിക്കു മാത്രമാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതെന്ന് ഉറപ്പു വരുത്തുന്നതിനുള്ള തുടർ നടപടികൾ (മീറ്റർ സ്ഥാപിക്കുന്നതുൾപ്പെടെ) സ്വീകരിക്കേണ്ടതുമാണ്.

## 1-34 വിതരണ രേഖകൾ ഹാജരാക്കിയില്ല -₹180000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ/പേര് | 291/21/മരച്ചീനി ഗ്രാമം |

| | |
|---|---|
| അടങ്കൽ | 180000/-വികസന ഫണ്ട് |
| ബിൽനമ്പർ /തീയതി, തുക | 17/20-21/16-3-21, ₹180000 |

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി പരമാവധി തരിശ് സ്ഥലങ്ങൾ കൃഷി യോഗ്യമാക്കി ഭക്ഷ്യ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ ഒരു ഗ്രൂപ്പിന് 100 മീറ്റർ മരച്ചീനി കമ്പ് 120 ഗ്രൂപ്പിന് നൽകുന്നതിനു വേണ്ടി കാർഷിക കർമ്മസേന, പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത്, എന്ന സ്ഥാപനത്തിൽ നിന്നും 15 രൂപ നിരക്കിൽ 12000 മീറ്റർ മരച്ചീനി തണ്ട് 180000/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്റർ പ്രകാരം 120 ഗുണഭോക്താക്കളുടെ പേരും വാർഡ് നമ്പരും എഴുതിയതല്ലാതെ ഗുണഭോക്താക്കൾക്ക് മരച്ചീനി തണ്ട് വിതരണം നടത്തിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. വിതരണ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/21-04-2022) ലഭ്യമാക്കിയ മറുപടിയിൽ കർഷകർക്ക് വിതരണം നടത്തുന്ന സമയത്ത് കൊറോണ വ്യാപനം കൂടുതൽ ആയതിനാൽ ഓഫീസിൽ വന്ന് നേരിട്ട് കൈപ്പറ്റുവാൻ സാധിക്കാത്തതിനാൽ വാർഡ് മെമ്പർമാർ മുഖാന്തിരം വിതരണം നടത്തിയതു കൊണ്ട് കൈപ്പറ്റ് രസീത് വാങ്ങിക്കുവാൻ സാധിച്ചിരുന്നില്ല എന്നാണ് പറയുന്നത്. വിതരണ രേഖകൾ ഹാജരാക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 180000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-35 ചെലവ് രേഖകൾ ഹാജരാക്കിയില്ല -4498150/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2020-21 വർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | അടങ്കൽ | സുലേഖ പ്രകാരമുള്ള ചെലവ് തുക |
|---|---|---|---|
| 1 | 55/21,പഞ്ചായത്ത് ഓഫീസിന് കമ്പ്യൂട്ടർ പ്രിന്റർ | 220000 (വികസന ഫണ്ട്) | 211000 |
| 2 | 189/21 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (സ്പിൽ ഓവർ) | 1430000 (വികസന ഫണ്ട്) | 1430000 |
| 3 | 196/21, തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണി (എ എം സി) (സ്പിൽ ഓവർ | 450000 (വികസന ഫണ്ട്)<br>450000 (തനത് ഫണ്ട്) | 449395 (വികസന ഫണ്ട്)<br>224355 (തനത് ഫണ്ട്) |
| 4 | 284/21, അംഗൻവാടി ജീവനക്കരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 627800 (വികസന ഫണ്ട്) | 627800 |
| 5 | 289/21, പൊതു ജനങ്ങൾക്ക് മാസ്ക് വിതരണം | 25000 (വികസന ഫണ്ട്)<br>275000 (തനത് ഫണ്ട്) | 300000 |
| 6 | 322/21, അംഗൻവാടി ജീവനക്കരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 627800 (വികസന ഫണ്ട്) | 627800 |

| | | | |
|---|---|---|---|
| 7 | 326/21, അംഗൻവാടി ജീവനക്കരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 627800 (വികസന ഫണ്ട്) | 627800 |
| ആകെ | | | 4498150 |

മേൽ പദ്ധതികൾ നടപ്പിലാക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 24/27-04-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 4498150/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-36 എൽ..ഇ.ഡി. ലാമ്പ് വാങ്ങൽ -ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല -ചെലവ് തുക ₹830000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ,പേര് | 299/21, എൽ ഇ ഡി ലാമ്പ് വാങ്ങലും സ്ഥാപിക്കലും (സ്പിൽ ഓവർ) |
| അടങ്കൽ | 850000/- തനത് ഫണ്ട്<br>850000/- (ധനകാര്യകമ്മീഷൻഗ്രാന്റ്) |
| ചെലവ് | 830000/- (ധനകാര്യകമ്മീഷൻഗ്രാന്റ്) |
| ബിൽ നമ്പർ/തീയ്യതി, തുക | 36/21-03-2021, 830000/- |

2019-20 വർഷം ആരംഭിച്ച് 2020-21 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനു വേണ്ടി Installation Charge ഇനത്തിൽ 500 എണ്ണത്തിന് 100 രൂപ നിരക്കിൽ 50000 രൂപയുമടക്കം 830000/- വികസന ഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ആയതിന് ക്വട്ടേഷൻ വിളിച്ച് ഗ്ലോബൽ അസോസിയേറ്റ്, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| വാങ്ങിയ ഉപകരണങ്ങൾ | എണ്ണം | തുക |
|---|---|---|
| Led Street Light Set 42cmx20cm Sizealuminium Body With Transparent Full Covered Glass | 500 | 590000/- (1180x500) |
| Heavy Duty G1 Clamps Fitting Double Bracket With Bolt And Nut | 500 | 190000 (500x380) |

പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) മേൽ പദ്ധതിക്കു വേണ്ടി KSEBയിൽ സൂപ്പർവിഷൻ ചാർജ്ജ് ഒടുക്കിയ ഇനത്തിൽ 50000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ KSEB സൂപ്പർവിഷൻ നടത്തി എൽ.ഇ.ഡി ലാമ്പുകൾ ഏതൊക്കെ സ്ഥലത്ത് സ്ഥാപിച്ചു എന്നതിന്റെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) എൽ.ഇ.ഡി ലാമ്പുകൾ സ്റ്റോക്കിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക്ഹാജരാക്കിയിട്ടില്ല.

3) 23 വാർഡുകളിലെ വാർഡ് മെമ്പർമാർ ഹാജരാക്കിയ സാക്ഷ്യപത്രപ്രകാരം 492 എണ്ണം എൽ ഇ ഡി ബൾബുകളാണ് സ്ഥാപിച്ചിരിക്കുന്നത്. ബാക്കി ബൾബുകൾ സ്ഥാപിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (27/28-04-2022) നല്കിയെങ്കിലും അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ ₹830000 യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-37 പൊതു ടാപ്പുകളുടെ വെള്ളക്കരം അടക്കൽ -കുടിശ്ശിക വരുത്തിയത്

ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്കരം അടക്കുന്നതിനു വേണ്ടി വാട്ടർ അതോറിറ്റി, കണ്ണൂർ 28-02-2021ന് പഞ്ചായത്തിൽ ലഭ്യമാക്കിയ ഡിമാന്റ് നോട്ടീസ് പ്രകാരം 374930/- രൂപ കുടിശ്ശിക ഇനത്തിലും,പലിശ ഇനത്തിൽ 7355/- രൂപയും ഉൾപ്പടെ 382285/-രൂപ അടവാക്കാൻ ഉള്ളതായി കാണുന്നു. കുടിശ്ശിക ഉണ്ടാകാനുള്ള കാരണം വിശദമാക്കാനും ഇത്

സംബന്ധിച്ച് പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/28-04-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉക കുടിശ്ശിക ആയതിന്റെ കാരണം വിശദമാക്കേണ്ടതും തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-38 ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം -അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതിയുടെ പേര് | ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം (എസ്.സി.പി) |
| പ്രൊജക്ട് നം. | 216/20-21 സ്പിൽ ഓവർ |
| അടങ്കൽ | 120000 (വികസനഫണ്ട് എസ്.സി.പി) |
| ചെലവ് | 120000 (വികസനഫണ്ട് എസ്.സി.പി)<br>ബിൽ നം. 1/20-21 തീയതി 27.04.20 |

ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം എന്ന പദ്ധതിക്കായി ശ്രീ.ഷൈനു.കെ, ശ്രീ.സജിൽ.സി എന്നീ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ബാക്ക് എന്റ് സബ്സിഡി ഉകയായി 60000/- രൂപ വീതം ആകെ 120000/- രൂപ സിൻഡിക്കേറ്റ് ബാങ്ക് പുതിയതെരു ശാഖ, കാനറ ബാങ്ക്, പുതിയതെരു ശാഖ എന്നീ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. പ്രൊജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. സജിൽ.സി എന്ന ഗുണഭോക്താവിന് കാനറ ബാങ്കിൽ നിന്നും ലോൺ അനുവദിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

2. വാഹനം വാങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ ലഭ്യമല്ല.

3. അഞ്ചു വർഷത്തിനിടയിൽ വാഹനം വിൽക്കുകയോ, ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്താൽ ലഭിച്ച സബ്സിഡി ഉക പലിശ സഹിതം തിരിച്ചടക്കണം. മേൽ നിബന്ധനകൾ പാലിച്ച് ഗുണഭോക്താക്കളുമായി കരാറിലേർപ്പെട്ടിട്ടില്ല.

4. വായ്പ തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ (ബാങ്ക് പാസ് ബുക്ക് സഹിതം), പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6 തീയതി 21.04.2022) മറുപടി നൽകിയിട്ടുണ്ട്. മറുപടി പ്രകാരം ഗുണഭോക്താക്കൾ വാഹനം വാങ്ങിച്ചിട്ടില്ല എന്നാണ് വ്യക്തമാവുന്നത്. 2 ഗുണഭോക്താക്കളും പദ്ധതിയിൽ തുടരുന്നില്ലാത്തതിനാൽ അനുവദിച്ച സബ്സിഡി ഉക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-39 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| പ്രോജക്ട് നമ്പർ, പേര് | അടങ്കൽ | ബിൽനമ്പർ / തീയതി, ഉക | റിമാർക്സ് |
|---|---|---|---|
| 12/21, വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 240000/- വികസന ഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് | 30/27-1-21 , 236451/- | വിവിധ വാർഡുകളിൽ ഗതാഗതത്തിന് തടസ്സമായിട്ടുള്ള ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റുന്നതിനു വേണ്ടി KSEB ക്ക് ഡെപ്പോസിറ്റ് ചെയ്തത് |
| 3/21, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനു വേണ്ടി ഇലക്ട്രിക്ക് | 449084/- വികസന ഫണ്ട് ധനകാര്യകമ്മീഷൻ | 38/20,26-3-21 449084/- | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനു വേണ്ടി ഇലക്ട്രിക്ക് |

| | | | |
|---|---|---|---|
| ലൈൻ നീട്ടൽ | ഗ്രാന്റ് | | ലൈൻ വലിക്കുന്നതിന് KSEB വളപട്ടണം ഇലക്ട്രിക്ക് സെക്ഷന് ഡെപ്പോസിറ്റ് ചെയ്തത് |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/28-04-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-40 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഐ കെ എം വിഹിതം നൽകൽ എന്ന പദ്ധതിക്ക് വികസന ഫണ്ടിൽ നിന്ന് 97393/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി പിൻവലിച്ച് (ബിൽ നം. 5/21-5-20,) ഐ കെ എം പ്രോജക്ട് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയും ആയതിന്റെ കൈപ്പറ്റ് രസീത് ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 29/28-04-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.

## 1-41 ഹോമിയോ ഡിസ്പെൻസറിക്ക് പുതിയ കെട്ടിട നിർമ്മാണം - രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ ,<br>ചിറക്കൽ പഞ്ചായത്ത്. |
| പ്രോജക്ടിന്റെ പേര് | 283/21 ഹോമിയോ ഡിസ്പെൻസറിക്ക് പുതിയ കെട്ടിട നിർമ്മാണം |
| അടങ്കൽ | ₹9,04,000 (ധനകാര്യ കമ്മീഷൻ അവാർഡ്)<br>₹1,11,016 (തനത് ഫണ്ട്)<br>ആകെ ₹10,15,016 |
| ചെലവ് തുക(ബിൽ/വൗച്ചർ നമ്പർ) | 1 - ₹9,04,000 (48/18.11.2020)- 2020-21ലെ ചെലവ്<br>2- ₹1,84,984 (JN 2425027/12.03.20) 2019-20ലെ ചെലവ്<br>ആകെ ₹10,88,984 |
| കരാറുകാരന്റെ പേര് | കെ പ്രഭാകരൻ |
| എം ബുക്ക് നം | 230(A)/18-19, 230(B)/18-19, 230(C)/18-19, 230(D)/18-19 |
| ആകെ പ്രവൃത്തി മൂല്യം | ₹ 10,88,984 |
| എഗ്രിമെന്റ് നം. | AE/CKL/61/LSGD/18-19/18.01.2019 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ പരാമർശിച്ച രേഖകൾ ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (23/27.04.22) മറുപടി ഹാജരാക്കിയിട്ടില്ല.

1. എം ബുക്ക് പ്രകാരം 18.01.2020 ന് ₹ 10,88,984 ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള പുതിയ കെട്ടിടം പഞ്ചായത്ത് ആസ്തിയിലുൾപ്പെട്ട ഏത് ഹോമിയോ ഡിസ്പെൻസറിക്കുള്ളതാണെന്ന് വ്യക്തമാക്കുന്ന രേഖകൾ.

2. കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് എപ്പോഴാണ് പ്രവർത്തന സജ്ജമാക്കിയതെന്ന് വ്യക്തമാക്കുന്ന രേഖകൾ.

3. പദ്ധതിയുമായി ബന്ധപ്പെട്ട ഫൈനൽ ബിൽ അനുവദിച്ചിരിക്കുന്നത് റിവൈസ്ഡ് എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള കാരണം, റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകൾ.

4. കെട്ടിടത്തിന് നമ്പർ നൽകിയതിന്റെ രേഖകൾ.

പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-42 പി എച്ച് സി ലബോറട്ടറിക്ക് റീ ഏജന്റ് വാങ്ങൽ – ചെലവ് രേഖകൾ ഹാജരാക്കിയില്ല - ₹51,747യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | പി എച്ച് സി ലബോറട്ടറിക്ക് റീ ഏജന്റ് വാങ്ങൽ |
| പ്രൊജക്ട് നം. | 108/21 |
| അടങ്കൽ | ₹83,047/ – മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ബിൽ നം./ചെക്ക് നം./ തീയ്യതി/ തുക | 21/20-21 തീയതി 09.10.2020, ₹15,905<br>38/20-21 തീയതി 09.03.2021, ₹4452<br>41/20-21 തീയതി 08.03.2021, ₹19,638<br>45/20-21 തീയതി 27.03.2021, ₹4610<br>ചെക്ക് നം 5742554 തീയതി 01.02.2021 ₹7,142<br>ആകെ - ₹51,747 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി, ചിറക്കൽ |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.39 തീയതി 28.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹51,747 തടസ്സപ്പെടുത്തുന്നു.

## 1-43 വിതരണ രേഖകൾ ഹാജരാക്കിയില്ല -38460/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ,പേര് | 104/21<br>ഫലവൃക്ഷ തൈ വിതരണ പദ്ധതി |
| അടങ്കൽ | 38460/-<br>വികസന ഫണ്ട് |
| ബിൽനമ്പർ /തീയതി, തുക | 13/28-01-2021, 15800/-<br>14/16-03-2021, 22660/- |

വീട്ടുവളപ്പിൽ ഫലവൃക്ഷ തൈകൾ വച്ചു പിടിപ്പിക്കുന്നതിനുള്ള മേൽ പദ്ധതിക്കുവേണ്ടി വികസന ഫണ്ടിൽ നിന്നും 38460/- ചെലവഴിച്ച് VFPCK കാസർഗോഡ് എന്ന സ്ഥാപനത്തിൽൽ നിന്നും ഇൻവോയ്സ് നം.KGD-KBK/142, 30-06-20 പ്രകാരം 665 എണ്ണം ഫലവൃക്ഷ തൈകളും, ഇൻവോയ്സ് നം.KGD-KBK/616/16-01-21 പ്രകാരം 236 ഫലവൃക്ഷ തൈകളും, ഇൻവോയ്സ് നം.KGD-KBK/617/16-01-21 നേന്ത്രൻ വാഴക്കന്ന് 191 എണ്ണവും വാങ്ങിയിട്ടുണ്ട്. ആയത് ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/21-04-2022) മറുപടി ഹാജരാക്കിയതിൽ കർഷകർക്ക് വിതരണം നടത്തുന്ന സമയത്ത് കൊറോണ വ്യാപനം കൂടുതൽ ആയതിനാൽ ഓഫീസിൽ വന്ന് നേരിട്ട് കൈപ്പറ്റുവാൻ സാധിക്കാത്തതിനാൽ വാർഡ് മെമ്പർമാർ മുഖാന്തിരം വിതരണം നടത്തിയതു കൊണ്ട് കൈപ്പറ്റ് രസീത് വാങ്ങിക്കുവാൻ സാധിച്ചിരുന്നില്ല എന്നാണ്. വിതരണ രേഖകൾ ഹാജരാക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 38460/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-44 ന്യൂട്രിമിക്സ് സാമ്പിളുകൾ ഗുണനിലവാരം പരിശോധിച്ചതിന്റെ രേഖകളില്ല.

2019-20, 2020-21 വർഷം അംഗൻവാടി സെന്ററുകളിൽ വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം ദേവാമൃതം ന്യൂട്രിമിക്സ് യൂണിറ്റ്, കണ്ണപുരം എന്ന സ്ഥാപനത്തിൽ നിന്നും വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ വാങ്ങിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട്

മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. ഇത്തരത്തിൽ 2019-20, 2020-21 വർഷം പരിശോധനകൾ നടത്തിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/28-04-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നു.

## 1-45 സാന്ത്വന പരിചരണ പരിപാടി - ₹178069 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി, ചിറക്കൽ |
| പദ്ധതിയുടെ പേര് | സാന്ത്വന പരിചരണ പരിപാടി |
| പ്രൊജക്ട് നം. | 92/21 |
| അടങ്കൽ | ₹15,50,080/- (₹11,00,080- വികസനഫണ്ട്)<br>₹1,00,000 -(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹3,50,000 - (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | 1/20-21 തീയതി 21.05.2020, ₹69,600<br>10/20-21 തീയതി 21.07.2020, ₹94,200<br>12/20-21 തീയതി 21.07.2020, ₹16,235<br>13/20-21 തീയതി 20.08.2020, ₹2,712<br>15/20-21 തീയതി 26.08.2020, ₹73,280<br>17/20-21 തീയതി 09.10.2020, ₹70,080<br>22/20-21 തീയതി 16.10.2020, ₹71,161<br>23/20-21 തീയതി 16.10.2020, ₹59,750<br>25/20-21 തീയതി 30.10.2020, ₹54,720<br>28/20-21 തീയതി 07.12.2020, ₹66,240<br>30/20-21 തീയതി 06.01.2021, ₹72,300<br>32/20-21 തീയതി 30.01.2021, ₹72,300<br>34/20-21 തീയതി 05.02.2021, ₹89,949<br>35/20-21 തീയതി 05.02.2021, ₹12,969<br>36/20-21 തീയതി 03.03.2021, ₹72,300<br>37/20-21 തീയതി 13.03.2021, ₹99,372<br>39/20-21 തീയതി 13.03.2021, ₹72,300<br>44/20-21 തീയതി 30.03.2021, ₹45,800<br>46/20-21 തീയതി 31.03.2021, ₹30,800<br>ആകെ - ₹11,46,068 |

ഗ്രാമപഞ്ചായത്തിലെ കിടപ്പ് രോഗികളായവർക്ക് സാന്ത്വന പരിചരണം നൽകുന്നതിനായി പാലിയേറ്റീവ് കെയർ നേഴ്സിന്റെ വേതനം, വാടകയ്ക്കെടുത്ത വാഹനത്തിന്റെ പ്രതിദിന ചാർജ്ജ്, ഹോംകെയർ, കുടുംബ സംഗമം, മറ്റ് ചെലവുകൾ എന്നീയിനങ്ങളിലെ ചെലവുകൾക്കായാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകളുണ്ട്.

1. ബിൽ നം. 13/20-21 തീയതി 20.08.2020 പ്രകാരം 2,712 രൂപ ലിങ്ക് സർജിക്കൽസ് എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. സർക്കാർ ഉത്തരവ് (സാധാ)നമ്പർ553/2019/ത.സ്വ.ഭ.വ. തീയതി 7.3.2019 പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട പുതുക്കിയ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചതാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷാവസാനത്തിനു മുൻപും പാലിയേറ്റീവ് കെയർ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേരേണ്ടതുമാണ്. എന്നാൽ പി.എം.സി. മിനിട്സ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ മാനേജിംഗ് കമ്മിറ്റിയുടെ പ്രവർത്തനം പരിശോധനാ വിധേയമാക്കാൻ കഴിഞ്ഞിട്ടില്ല.

3. മാർഗരേഖ ഖണ്ഡിക 2.4.2 പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടു കൊണ്ടു പോകുന്നതിനായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി ഓരോ പഞ്ചായത്തും രൂപീകരിക്കേണ്ടതാണ്. എല്ലാ മാസവും 5-ാം തീയതിക്കു മുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. മാർഗരേഖ ഖണ്ഡിക 2.16 പ്രകാരം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമകാര്യസ്റ്റാന്റിഗ് കമ്മിറ്റിയും പാലിയേറ്റീവ് കെയർ സംബന്ധിച്ച പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതാണ്. പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം മോണിറ്ററിംഗിനായി ആരോഗ്യം വർക്കിംഗ് ഗ്രൂപ്പിനെയാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. മാർഗരേഖ ഖണ്ഡിക 2.6.3 പ്രകാരം പാലിയേറ്റീവ് കെയർ ആവശ്യമുള്ള രോഗികളെ പരിശോധിക്കുന്ന ഹോം കെയർ ടീമിന്റെ വിവരങ്ങൾ ഹോം കെയർ റിപ്പോർട്ട് ബുക്കിൽ രേഖപ്പെടുത്തേണ്ടതും ഹോം കെയർ ആരംഭിച്ച സമയം, ഓരോ രോഗികളുടെ വീട്ടിൽ എത്തിയതും തിരിച്ചിറങ്ങിയതുമായ സമയം, ആകെ കണ്ട രോഗികളുടെ എണ്ണം, ഉച്ച ഭക്ഷണത്തിന് നിർത്തിയ സമയം, നേരത്തെ അവസാനിപ്പിച്ചെങ്കിൽ കാരണം, അവസാനിപ്പിച്ച സമയം, ടീമംഗങ്ങൾ എത്തിയതും പോയതുമായ സമയം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ആഴ്ചയിൽ ഒരു പ്രാവശ്യം മെഡിക്കൽ ഓഫീസർ ഹോം കെയർ ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഹോം കെയർ ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6. സാന്ത്വന പരിചരണ രോഗികൾക്കായി ക്വട്ടേഷൻ മുഖാന്തിരം ഉപകരണങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് 16235, 59750, 99372 എന്നീ തുകകൾ യഥാക്രമം ശ്രീരാജ് സർജിക്കൽസ്, ലിങ്ക് സർജിക്കൽസ്, കാനൻ ഡ്രഗ്സ് & സർജിക്കൽസ് എന്നീ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-38 തീയതി 28.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ₹178069 (2712+16235+59750+99372) തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണങ്ങൾ ലഭ്യമാക്കേണ്ടതും രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 എഫ്.ടി.ഇ & ഒ.എസ്. ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ അപാകതകൾ

ചിറക്കൽ ഗ്രാമ പഞ്ചായത്തിലെ ഉൽപ്പാദന മേഖലയിലെയും സേവന മേഖലയിലെയും സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളായി തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കി വരുന്നത്. ഇത് പ്രകാരം സേവന മേഖലയിലെ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് നിശ്ചയിച്ചിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

| മൂലധന ചെലവ് | ലൈസൻസ് ഫീസ് |
|---|---|
| ഒരു ലക്ഷം വരെ | 100 |
| 1 ലക്ഷം മുതൽ 2 ലക്ഷം വരെ | 200 |
| 2 ലക്ഷം മുതൽ 3 ലക്ഷം വരെ | 300 |
| 3 ലക്ഷം മുതൽ 10 ലക്ഷം വരെ | 500 |
| 10 ലക്ഷം മുതൽ 25 ലക്ഷം വരെ | 1000 |
| 25 ലക്ഷത്തിന് മുകളിൽ | 5000 |

2020-21 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ, വിവിധ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കിയ ലൈസൻസ് ഫീസ് കുറവാണെന്ന് കാണാൻ സാധിച്ചു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (നം.11 തീയതി 26.04.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും മുഴുവൻ സ്ഥാപനങ്ങളുടെയും കുറവു വന്ന ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | കെട്ടിട നമ്പർ | സംരംഭം | മൂലധന നിക്ഷേപം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ടിയിരുന്ന ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| 72 | കുളിക്കളകത്ത് റഷീദ് | 17/333, 334 | താരാ ടെക്സ്റ്റൈൽസ് | 4 ലക്ഷം | 300 | 500 | 200 |
| 98 | അബ്ദുൾ നൂർ കെ പി | 17/768 A, B, C | കെ പി മോട്ടോർസ് | 12 ലക്ഷം | 500 | 1000 | 500 |
| 100 | അസ്സു കെ പി | 5/205 A | ഏഷ്യൻ പ്ലൈ വുഡ് | 30 ലക്ഷം | 1000 | 5000 | 4000 |
| 129 | ജോഷിൻ വി പി | 16/133, 136 | ബ്ലാക്ക് സ്ക്രീൻ വുഡ് കാർവിങ് | 12 ലക്ഷം | 500 | 1000 | 500 |
| 238 | ടി രവീന്ദ്രൻ | 5/140 | കെയാർ ടിമ്പേർസ് | 15 ലക്ഷം | 500 | 1000 | 500 |
| 387 | പള്ളിപ്പുറത്ത് പുന്നക്കൽ നജീബ് | 5/506 C | കെ വി കെ സോഡ | 12 ലക്ഷം | 500 | 1000 | 500 |
| 449 | സനാവർ കെ | 1/417, 418 | സൈൻ ടൈൽ സെന്റർ | 35 ലക്ഷം | 1000 | 5000 | 4000 |
| 624 | റഹീം കുരിക്കളകത്ത് | 17/143 | അസ്ബി എഞ്ചിനീയറിംഗ് വർക്സ് | 4 ലക്ഷം | 300 | 500 | 200 |
| 628 | വി കെ ബാലകൃഷ്ണൻ | 17/499 | ഗണേഷ് ഇൻഡസ്ട്രീസ് | 4 ലക്ഷം | 300 | 500 | 200 |
| 820 | നൗഫൽ വി | 5/122 | മർഹബ വുഡ് ഇൻഡസ്ട്രീസ് | 32 ലക്ഷം | 1000 | 5000 | 4000 |
| 932 | മിനി എം കെ | 12/50 | അനുഗ്രഹ് കറി പൗഡർ നിർമാണം | 6 ലക്ഷം | 400 | 500 | 100 |
| ആകെ കുറവ് വന്ന തുക | | | | | | | 14,700 |

മേൽ പട്ടികയിലെ സ്ഥാപനങ്ങളിൽ നിന്ന് കുറവ് വന്ന തുക (₹14,700) ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-2 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ ₹1287യുടെ കുറവ്

പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്ത കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട് ഈടാക്കിയ പെർമിറ്റ് ഫീസ് കുറവാണെന്ന് കാണാൻ സാധിച്ചു.

| കെട്ടിട ഉടമയുടെ പേര് | ഉപയോഗ ക്രമം | പെർമിറ്റ് അപേക്ഷ നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ടിയിരുന്ന ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വളപ്പിലാക്കണ്ടി പ്രദീപ് സി | പാർപ്പിടം | A3/2982/20 Dated 11.06.2020 | GF – 95.93 FF - 95.93 Total – 191.86m2 | 770 | 1343 (191.86 X 7) | 573 |
| തുണോലി ശോഭന സി പി | വാണിജ്യം | A3/6931/20 Dated 07.12.2020 | GF (നിലവിലുള്ളത്) – 125.17 FF (നിലവിലുള്ളത്) – 125.17 GF (പുതുതായി നിർമ്മിക്കുന്നത്) – 250.72 FF (പുതുതായി നിർമ്മിക്കുന്നത്) – 287.82 SF (പുതുതായി നിർമ്മിക്കുന്നത്) – 238.82 Total (പുതുതായി നിർമ്മിക്കുന്നത്) – 777.36 | 7060 (250.72x 10+287.82 X10+ 238.82x7) | 7774 (250.72x 10+287.82 X10+ 238.82x10) | 714 |
| ആകെ | | | | | | 1287 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19 തീയതി 27.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പെർമിറ്റ് ഫീസ് ഇനത്തിൽ കുറവ് വന്ന ₹1287യുടെ നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിൽ കുറവ്-10700 രൂപയുടെ നഷ്ടം

1996ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18, 19 പട്ടിക IIIൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മണ യന്ത്രമോ ഉപയോഗിക്കുന്നതിനുള്ള പരമാവധി ഫീസ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ആയത് പ്രകാരം യന്ത്രങ്ങളുടെ കുതിര ശക്തിക്ക് അനുസൃതമായി ഈടാക്കേണ്ട റണ്ണിങ് ഫീസ് ചുവടെ ചേർക്കും പ്രകാരമാണ്.

| യന്ത്രത്തിന്റെ കുതിര ശക്തി (HP) | ചുമത്താവുന്ന |
|---|---|

| | ഫീസ് |
|---|---|
| ഒരു കുതിര ശക്തിയിൽ കവിയാത്ത യന്ത്രങ്ങൾ | 10 |
| 1 HPയിൽ കവിയുന്നതും 5 HPയിൽ കവിയാത്തതുമായ യന്ത്രങ്ങൾ | 50 |
| 5 HPയിൽ കവിയുന്നതും 10 HPയിൽ കവിയാത്തതുമായ യന്ത്രങ്ങൾ | 100 |
| 10 HPയിൽ കവിയുന്നതും 20 HPയിൽ കവിയാത്തതുമായ യന്ത്രങ്ങൾ | 200 |
| 20 HPയിൽ കവിയുന്നതും 30 HPയിൽ കവിയാത്തതുമായ യന്ത്രങ്ങൾ | 300 |
| 30 HPയിൽ കവിയുന്നതും 40 HPയിൽ കവിയാത്തതുമായ യന്ത്രങ്ങൾ | 400 |
| 40 HPയിൽ കവിയുന്നതും 50 HPയിൽ കവിയാത്തതുമായ യന്ത്രങ്ങൾ | 500 |
| 50 HPയിൽ കവിയുന്നതും 100 HPയിൽ കവിയാത്തതുമായ യന്ത്രങ്ങൾ | 1000 |
| 100 HPയിൽ കവിയുന്നതും 200 HPയിൽ കവിയാത്തതുമായ യന്ത്രങ്ങൾ | 2000 |
| 20 HPക്ക് മുകളിലുള്ള ഓരോ HPക്കും 10 രൂപ വീതം | |

ചിറക്കൽ ഗ്രാമ പഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ, ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതുമായി ബന്ധപ്പെട്ട് അപാകതകൾ കാണാൻ സാധിച്ചു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | കെട്ടിട നമ്പർ | ഉപയോഗിക്കുന്ന മോട്ടോറിന്റെ പവർ | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| 42 | കെ സി അഷ്റഫ് | റീസ് ഫ്ലോർ മിൽ | 3/671 A,B | 25 HP | 100 | 300 | 200 |
| 77 | കെ എസ് ഫൈസൽ | ഇബ്ന പ്ലൈവുഡ് & ഡോർസ് | 5/654 | 95 HP | 1000 | 2070 | 1070 |
| 115 | പി കെ ടി മുസ്തഫ | അൽ മുബാരക് ഫ്ലോർ മിൽ | 12/248 | 20 HP | 100 | 200 | 100 |
| 116 | കെ അലി | അരയസേത്ത് ഫ്ലോർ മിൽ | 12/579 | 20 HP | 100 | 200 | 100 |
| 132 | സുധ സി | അയ്യപ്പാസ് ബേക്കറി | 21/49 | 18 HP | 100 | 200 | 100 |
| 139 | ജോൺസൺ മാത്യു | എസ് എം ദന്തൽ സൊല്യൂഷൻസ് | 15/195 | 150 HP | 750 | 2000 | 1250 |
| 156 | ടോം മാത്യു | ഏഷ്യൻ പോളിമേർസ് | 5/667 | 28 HP | -- | 300 | 300 |
| 165 | സൈനുദ്ദീൻ പി | പി സി പ്ലൈവുഡ്സ് | 5/373 | 117 HP | 600 | 2000 | 1400 |
| 211 | - | പ്ലൈ മെഷീൻ | 3/681 | 22 HP | 150 | 300 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| 231 | കെ പി കമാലുദ്ദീൻ | കെ പി കെ ഇൻഡസ്ട്രീസ് | 1/530 | 10 HP | -- | 100 | 100 |
| 236 | അലാൻ മുനീർ | എം എം വുഡ് ഇൻഡസ്ട്രീസ് | 5/121 A | 56 HP | 500 | 1000 | 500 |
| 302 | കെ പി മുഹമ്മദ് റാഫി | ഡോർ നിർമാണം | 6/350 | 30 HP | 200 | 300 | 100 |
| 357 | കെ എസ് അബ്ദുൾ സത്താർ | സെഞ്ച്വറി റസിൻസ് & അലൈഡ് പ്രൊഡക്ട്സ് | 5/656 | 98 HP | 500 | 1000 | 500 |
| 358 | എം ഷഹീസ് | സീന വുഡ് ഇൻഡസ്ട്രീസ് | 5/119, 120 | 200 HP | 1000 | 2000 | 1000 |
| 359 | എം ഷമീന | ജെറ്റ് ബോർഡ് | 5/656 B | 98 HP | 500 | 1000 | 500 |
| 360 | എം ഷംനാദ് ബീഗം | ഷാജാ വുഡ്സ് | 5/664 | 98 HP | 500 | 1000 | 500 |
| 361 | എം ഷഹീസ് | ഷാംകോ വിനീർസ് | 5/656 A | 208 HP | 1000 | 2080 | 1080 |
| 376 | അസ്ലാം പാലവത്ത് | അലവിൽ ഫ്ലോർ മിൽ | 20/378 | 15 HP | 100 | 200 | 100 |
| 378 | ഷമീർ റാസ | കെ പി കെ ഇൻഡസ്ട്രീസ് | 1/530 | 4 HP | -- | 50 | 50 |
| 428 | ഷീന സി | വിജയലക്ഷ്മി ഫ്ലോർ മിൽ | 4/812 | 22.5 HP | 150 | 300 | 150 |
| 678 | ബി പി അബ്ദുൾ ഗഫൂർ | യൂണിവേർസൽ പ്ലൈവുഡ്സ് | 23/687, 688, 689 | 42 HP | 100 | 500 | 400 |
| 679 | ബി പി അബ്ദുൾ ഗഫൂർ | യൂണിവേർസൽ പ്ലൈവുഡ്സ് | 23/686 | 47 HP | 100 | 500 | 400 |
| 692 | വിനോദ് കെ സി | യൂണിവേർസൽ ഫുഡ് പ്രൊഡക്ട്സ് | 19/433 | 7.5 HP | -- | 100 | 100 |
| 764 | രജിത് പി | ഹരിത എഞ്ചിനീയറിംഗ് വർക്ക്സ് | 9/254 | 8 HP | -- | 100 | 100 |
| 767 | സിജു പി വി | എൻ ജി റൈസ് മിൽ | 4/880 | 22.5 HP | 150 | 300 | 150 |
| 782 | സുനിൽ മാത്യു | ഡെന്റൽ ഇംപ്ലാന്റ് സ്റ്റുഡിയോ | 16/282 F, 282 G | 40 HP | 200 | 400 | 200 |
| 783 | ശശിധരൻ കെ | കെ എസ് വാട്ടർ സർവീസ് സ്റ്റേഷൻ | 22/469, 470 | 8 HP | 50 | 100 | 50 |
| 932 | മിനി എ കെ | അനുഗ്രഹ് കറി പൗഡർ നിർമാണം | 12/50 | 9 HP | 50 | 100 | 50 |
| ആകെ കുറവ് വന്ന തുക | | | | | | | 10,700 |

മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിൽ മേൽപ്പറഞ്ഞ പ്രകാരം ₹10700യുടെ കുറവ് വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12 തീയതി 26.04.2022) മറുപടിയായി മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിൽ വന്ന അപാകതകൾ പരിഹരിക്കുന്നതിന് ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കുറവ് വന്ന തുക

(₹10,700) ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-4 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയതിൽ ₹250 കുറവ്

2020-21 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിലെ ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ അപാകതകളുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | പേര് | തസ്തിക | അർദ്ധ വർഷം | ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|
| 1 | രാജാസ് ഹൈസ്കൂൾ | മിഥുൻ ആർ | FTM | I | 1,02,448 | 750 | 1000 | 250 |
| 2 | എസ് എം ഡെന്റൽ സൊല്യൂഷൻസ് | നിജിൻ കൊയിലേരിയൻ | ലഭ്യമാക്കിയിട്ടില്ല | I | 60,788 | 450 | 600 | 150 |
| ആകെ | | | | | | | | ₹400 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23 തീയതി 27.04.2022) മറുപടിയായി ക്രമ നമ്പർ 2ൽ പരാമർശിച്ച സ്ഥാപനത്തിലെ ജീവനക്കാരനിൽ നിന്ന് കുറവ് വന്ന തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നമ്പർ 1ൽ പരാമർശിച്ച സ്ഥാപനത്തിലെ ജീവനക്കാരനിൽ നിന്നും കുറവ് വന്ന 250 രൂപ ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ടാങ്കറുകളിൽ കുടിവെള്ള വിതരണം - അധികം നൽകിയ 82625/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ്നമ്പർ/പേര് - | 16/21 ടാങ്കറുകളിൽ കുടിവെള്ള വിതരണം |
| അടങ്കൽ<br><br>ആകെ | 472200 വികസന ഫണ്ട്<br>1177800 തനത് ഫണ്ട്<br>16,50,000 |
| ബിൽ നമ്പർ /വൗച്ചർ നമ്പർ, തീയതി, തുക | 15/16-7-20, 472200/-<br>22000405/13-7-20, 489824/-<br>22001211/5-2-21,273523/- |

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനു വേണ്ടി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (കി.മീറ്ററിന് 82 രൂപ) ശ്രീ രാജീവൻ പി എന്നവരെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. KL59 V5034,KL58L270 എന്നീ വാഹനങ്ങളിൽ കുടിവെള്ള വിതരണം നടത്തിയ വകയിൽ വികസന ഫണ്ടിൽ നിന്നും 472200/- രൂപയും, തനത് ഫണ്ടിൽ നിന്ന് 763347/-. രൂപയും കൂടി ആകെ 1235547/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ ചെലവ് തുകയിൽ 13577/- രൂപ IT ഇനത്തിലും, 1221970 /-രൂപ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം നടത്തിയതിൽ വാഹന വാടകയിനത്തിൽ ശ്രീ രാജീവൻ പി എന്നവർക്കും നൽകിയിട്ടുണ്ട്. എന്നാൽ വാഹന വാടകയിനത്തിൽ ശ്രീ രാജീവൻ പി എന്നവർക്ക് നൽകേണ്ടിയിരുന്ന തുക ജി പി എസ് ലോഗിലെ റീഡിംഗ് പ്രകാരം (ഒരു കിലോ മീറ്ററിന് 82 രൂപ നിരക്കിൽ) ₹1139345 യാണ്. എന്നാൽ വാടക ഇനത്തിൽ ശ്രീ രാജീവൻ പി എന്നവർക്ക് നൽകിയത് ട്രിപ്പ് ഷീറ്റ് റീഡിംഗ് പ്രകാരമുള്ള 1221970/- രൂപയാണ്. ജി പി എസ് കിലോമീറ്റർ റീഡിംഗ് പ്രകാരം നൽകേണ്ട തുകയേക്കാൾ 82625/-രൂപ (1221970-1139345) അധികം

നൽകിയതിനുള്ള കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/27-04-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ജി പി എസ് കിലോമീറ്റർ റീഡിംഗ് പ്രകാരം നൽകേണ്ട തുകയേക്കാൾ അധികം നൽകിയ 82625/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 18-04-22, 19-04-2022 | കെ.എസ്.എ/കെ.എൻ.ആർ/സി5/ 667/22 തീയതി 21-06-2022. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 4200 | തരിശ് പച്ചക്കറി കൃഷി, 294/21 | 4200 | 0 |
| " | " | 30800 | പാലിയേറ്റീവ് പരിചരണം, 93/21 | 30800 | 0 |
| " | " | 200000 | ലൈഫ് ഭവന പദ്ധതി ജനറൽ, 7/21 | 200000 | 0 |
| " | " | 900000 | ലൈഫ് ഭവന പദ്ധതി (എസ് സി), 8/21 | 900000 | |
| " | " | 830000 | ലൈഫ് ഭവന പദ്ധതി (ജനറൽ), 230/21 | 830000 | |
| " | " | 150000 | അഗതി ആശ്രയ വീട് വാസയോഗ്യമാക്കൽ,245/21 | 150000 | |
| " | " | 648625 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, 88/21 | 648625 | 0 |
| " | " | 38653 | ക്ഷീര സംഘം മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി, 111/21 | 38653 | 0 |
| ആകെ | | 2802278 | | 2802278 | |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2020-21 | 18947 | പാലിയേറ്റീവ് പരിചരണം, 93/21 | 18947 | 0 |
| " | " | 16382 | ബയോഫ്ലോക്ക്, 297/21 | 16382 | |

| | | | | | |
|---|---|---|---|---|---|
| “ | “ | 780000 | ലൈഫ് ഭവന പദ്ധതി (ജനറൽ), 8/21 | 780000 | |
| “ | “ | 648625 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, 88/21 | 648625 | |
| “ | “ | 100000 | ക്ഷീര സംഘം മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി, 11/21 | 100000 | |
| “ | “ | 1560000 | കുന്നംകൈ വ്യവസായ എസ്റ്റേറ്റിന് കെട്ടിട നിർമ്മാണം, 251/21 | 1560000 | |
| “ | “ | 165500 | പട്ടികജാതി കോളനിയിലെ സാംസ്കാരിക നിലയങ്ങൾക്ക് പബ്ലിക് അഡ്രസ് സിസ്റ്റം | 165500 | |
| ആകെ | | 3289454 | | 3289454 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| വർഷം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തീയതി | നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 2020-2021 | കെ.എസ്.ഇ.ബി. | തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ പ്രൊ.നം.3/21 | | 449084 | 0 | 449084 |
| | കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 12/21 | | 236451 | 0 | 236451 |
| | കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | | 1430000 | 0 | 1430000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹20,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | ₹20,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹20,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തുക | ഷെയർ സർട്ടിഫിക്കറ്റ് നമ്പർ |
|---|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ | 20,000 | 194/18-10-2014 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 32 | 2003-04 | 3.13.17 | മറ്റു പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01 | 7 | 2004-05 | 03.13.1.5 | ഷോപ്പിംഗ് സെന്റർ ബാദ്ധ്യതയാകുന്നു | ,, |
| 2014-15 | 2-1 | 2016-17 | I | തൊഴിൽ നികുതി | ,, |
| 2015-16 | 2-1, 2-6 | 2016-17 | I | ,, | ,, |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 113360645.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 111326131 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 26937 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 82625 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6590514 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-1(1-10) | 14700 | - | ശ്രീ.സനിൽകുമാർ.കെ.വി, സെകട്ടറി-ഇൻ-ചാർജ്ജ് |
| 2-2(1-12) | 1287 | - | " |
| 2-3(1-15) | 10700 | - | " |
| 2-4(1-17) | 250 | - | " |
| 3-1(1-29) | - | 82625 | ശ്രീ.സനിൽകുമാർ.കെ.വി, സെകട്ടറി-ഇൻ-ചാർജ്ജ് |
| ആകെ | 26937 | 82625 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 10000 | അബ്ദുൾ ജബാർ പി, ഹെഡ് മാസ്റ്റർ |
| 1-21 | 299750 | ഡോ ഹഫ്സീസ മുഹമ്മദ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-22 | 150000 | വിജീഷ്.പി., അസിസ്റ്റന്റ് സെക്രട്ടറി |
| 1-23 | 14362 | ഡോ ഹഫ്സീസ മുഹമ്മദ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-24 | 22760 | ഡോ ഹഫ്സീസ മുഹമ്മദ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-30 | 308000 | അബ്ദുൾ ജബാർ പി, ഹെഡ് മാസ്റ്റർ |
| 1-31 | 9216 | അബ്ദുൾ ജബാർ പി, ഹെഡ് മാസ്റ്റർ |
| 1-34 | 180000 | റമീസ ഇ എം, കൃഷി ഓഫീസർ |
| 1-35 | 4498150 | ശ്രീ.സനിൽ കുമാർ കെ വി, സെക്രട്ടറി |
| 1-36 | 830000 | ശ്രീ.സനിൽ കുമാർ കെ വി, സെക്രട്ടറി |
| 1-42 | 51747 | ഡോ ഹഫ്സീസ മുഹമ്മദ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-43 | 38460 | റമീസ ഇ എം, കൃഷി ഓഫീസർ |
| 1-45 | 178069 | ഡോ ഹഫ്സീസ മുഹമ്മദ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആകെ | 6590514 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവ ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അബ്ദുൾ ജബാർ പി, ഹെഡ് മാസ്റ്റർ | പി ഡി ടീച്ചർ, ജി ഡബ്ല്യൂ എൽ പി എസ്, പുഴാതി | ഹിരാഡൻ, നിയർ ഡി എസ് യു പി സ്കൂൾ, കണ്ണാടിപ്പറമ്പ – 670604 |
| ശ്രീമതി.റമീസ.ഇ.എം. കൃഷി ഓഫീസർ | കൃഷി ഓഫീസർ, ചിറക്കൽ | ഇല്ലിക്കൽ മമ്മാലിയൻ വളപ്പിൽ ഹൗസ്, അഴീക്കോട് സൗത്ത്, മീൻകുന്ന് (പി.ഒ), കണ്ണൂർ. |
| ശ്രീ.സനിൽ കുമാർ കെ വി, സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, മുഴപ്പിലങ്ങാട് | കരിമ്പിയിൽ ഹൌസ്, ഇരിവേരി പി ഒ -670613 |

| | | |
|---|---|---|
| | ഗ്രാമ പഞ്ചായത്ത് | |
| ഡോ ഹഫ്സീസ മുഹമ്മദ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, ചിറക്കൽ | അൽ ഫലാഹ്, കുഞ്ഞിപ്പള്ളി, കക്കാട്, കണ്ണൂർ –5. |
| ശ്രീ.വിജീഷ് പി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, വളപട്ടണം ഗ്രാമ പഞ്ചായത്ത് | വൈഭവ്, പള്ളിക്കുളം, കണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി 10-06-2019 | 01 |
| 1999-00 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി 10-06-2019 | 02 |
| 2000-01(തനത്) | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി 10-06-2019 | 01 |
| 2002-03 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി10-06-2019 | 01 |
| 2003-04 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി 10-06-2019 | 07 |
| 2004-05 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി 10-06-2019 | 04 |
| 2005-06 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി 10-06-2019 | 03 |
| 2006-07 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി 10-06-2019 | 06 |
| 2007-08 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി 10-06-2019 | 05 |
| 2008-09 മുതൽ 2010-11വരെ | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി 10-06-2019 | 04 |
| 2011-12 മുതൽ 2012-13 വരെ | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി 10-06-2019 | 10 |
| 2013-14 മുതൽ 2014-15 വരെ | നം.കെ.എസ്.എ/കെ.എൻ.ആർ/സി/ 755/19 തീയതി 10-06-2019 | 08 |
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി 10-06-2019 | 16 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 755/19 തീയതി 10-06-2019 | 14 |

| | | |
|---|---|---|
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 2052/18 തീയതി 10-01-2019 | 24 |
| 2018-19 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 10/2020 തീയതി 11-03-2020 | 23 |
| 2019-20 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 666/22 തീയതി 17-06-2022 | 37 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3-1

## Receipt & Payment Statement

Chirakkal Grama Panchayat
RECEIPT & PAYMENT STATEMENT
For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 53806955.79 |
| Cash | Cash | RP-40(a) | 15219.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2034083.00 |
| 130000000 | Rental income from Panchayat Properties | RP-3 | 6500.00 |
| 140000000 | Fees & User Charges | RP-4 | 3093110.00 |
| 150000000 | Sale & Hire Charges | RP-5 | 324140.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 83668394.00 |
| 171000000 | Interest Earned | RP-9 | 1767291.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6551164.00 |
| 340000000 | Deposits Received | RP-34 | 2000.00 |
| 350000000 | Other Liabilities | RP-36 | 675140.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 208337.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 1900.00 |
| 310000000 | Panchayat Fund | RP-28 | 300.00 |
| 311000000 | Earmarked Funds | RP-29 | 23338.00 |
| 340000000 | Deposits Received | RP-34 | 465259.00 |
| 350000000 | Other Liabilities | RP-36 | 1394660.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 13145029.00 |
| | Grand total | | 167182819.79 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4316188.00 |
| 220000000 | Administrative Expenses | RP-12 | 1456188.00 |
| 230000000 | Operations & Maintenance | RP-13 | 3807610.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5376611.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 29664666.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2960479.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 2063573.00 |

| | | | |
|---|---|---|---|
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 884440.00 |
| 255000000 | Maintenance Projects | RP-20 | 15970809.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 54998.00 |
| 280000000 | Prior Period item | RP-26 | -761550.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 105635.00 |
| 340000000 | Deposits Received | RP-34 | 3000.00 |
| 350000000 | Other Liabilities | RP-36 | 7541628.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1551.00 |
| 280000000 | Prior Period Item | RP-26 | -12250.00 |
| 340000000 | Deposits Received | RP-34 | 353425.00 |
| 350000000 | Other Liabilities | RP-36 | 3357332.00 |
| 410000000 | Fixed Assets | RP-38 | 18570845.00 |
| 412000000 | Capital work in Progress | RP-40 | 10748327.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2297220.00 |
| 460000000 | Loans, Advances and Deposits | RP-47 | 2565406.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 55317488.79 |
| Cash | Cash | RP-40(b) | 539200.00 |
| | Grand Total | | 167182819.79 |

## അനുബന്ധം 3-2

## INCOME & EXPENDITURE STATEMENT

Chirakkal Grama Panchayat
INCOME & EXPENDITURE STATEMENT
For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 13480652.00 |

| | | | |
|---|---|---|---|
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1542768.00 |
| 140000000 | Fee & User Charges | I-4(b) | 3753452.00 |
| 150000000 | Sale & Hire Charges | I-5(b) | 324140.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 195963014.00 |
| 171000000 | Interest Earned | I-8 | 1767291.00 |
| 180000000 | Other Income | I-9 | 1900.00 |
| | Total Income | | 216833217.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 14300803.00 |
| 220000000 | Administrative Expenses | I-11(b) | 1456188.00 |
| 230000000 | Operations & Maintenance | I-12(b) | 4103965.00 |
| 240000000 | Interest & Finance Charges | I-13 | 1551.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6075420.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 40638805.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2582886.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 2142548.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 99920840.00 |
| 255000000 | Maintenance Projects | I-14(e) | 15970809.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 54998.00 |
| 272000000 | Depreciation | I-17(a) | 11855092.00 |

| | | | |
|---|---|---|---|
| | Total Expenditure | | 199103905.00 |
| | Gross Surplus/ Deficit of income over Expenditure | | 17729312.00 |
| 280000000 | Prior Period Item | I-18 | -783800.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 18513112.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 3-3

## BALANCE SHEET

Chirakkal Grama Panchayat
BALANCE SHEET
As on 31-March-2021

| Code.No. | Description of Items | Schedule No. | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 85711779.71 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 80904.00 |
| 312000000 | Reserves | B-3 | 62712030.00 |
| | Total Reserve & Surplus | | 148504713.71 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 11580752.00 |

| | | | |
|---|---|---|---|
| | | | |
| | Total Grants, Contributions for Specific Purposes | | 11580752.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 4628309.85 |
| 350000000 | Other Liabilities | B-9 | 4363314.48 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 8991624.33 |
| | TOTAL LIABILITIES | | 169077090.04 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 140117307.00 |
| 411000000 | Accumulated Depreciation | B-11 | -51241064.75 |
| 412000000 | Capital Work in Progress | B-11(a) | 8448327.00 |
| | Total Fixed Assets | | 97324569.25 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| | Total Investments | | 20000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 2736747.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 450000000 | Cash and Bank Balance | B-17 | 55856688.79 |
| 460000000 | Loans, Advances and Deposits | B-18 | 13139085.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 71732520.79 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 169077090.04 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.